വാർഷിക വരിസംഖ്യ 100 രൂപ

# നിയോഗം

Private Circulation Only

ബ്രദറൺ വാർത്താ പത്രിക


ഉൾപ്പേജുകളിൽ...


| | |
|---|---|
| തിരുവട്ടാർ കൃഷ്ണൻകുട്ടി... | 3 |
| തമസ്സിലും തളരാത്ത സ്നേഹം | 3 |
| പഴയപുറം | 4 |
| മറ്റുവാർത്തകൾ | 6 |



പുസ്തകം 10, ലക്കം 9 2012 സെപ്റ്റംബർ, ഒക്ടോബർ 5


# വൈ.എം.ഇ.എഫ് ജനറൽക്യാമ്പ് 2012 സമാപിച്ചു

**കേരളത്തിലെ നാലുഡിവിഷനുകളും ചേർന്ന് രണ്ടുവർഷത്തിലൊരിക്കൽ നടത്തിവരാറുള്ള വൈ. എം. ഇ. എഫ് ജനറൽ ക്യാമ്പ് മൂവാറ്റുപുഴയിൽ കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ ഓഗസ്റ്റ് 27 ന് ആരംഭിച്ച് 31 ന് അനുഗ്രഹകരമായി സമാപിച്ചു.**





**കീഴില്ലം:** കേരളത്തിന്റെ തെക്കെ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള ബ്രദറൺ സഭകളിൽ നിന്നായി സുവിശേഷകന്മാർ, മൂപ്പന്മാർ, വിശ്വാസികൾ എന്നിങ്ങനെ വിശ്വാസ സമൂഹത്തിലെ 600 ഓളം പേർ ഇവിടെ നടന്ന അനുഗ്രഹിക്കപ്പെട്ട ആത്മീയ ശുശ്രൂഷകളാൽ ധന്യരായി. 'ദിവ്യസ്വഭാവത്തിനു കൂട്ടാളികളാകുവിൻ' എന്നതായിരുന്നു ക്യാമ്പ് തിം. 2 പത്രോ1:4 വേദഭാഗത്തെ ആധാരമാക്കി, ജോസ് മാങ്കുടി പുൽപള്ളി, തോംസൺ ബി. തോമസ് മുംബൈ, വി.പി പൗലോസ് മണ്ണൂർ എന്നി കർത്തൃദാസന്മാർ ക്ലാസ്സുകളെടുത്തു.

ദിവ്യസ്വാഭാവത്തിനു കൂട്ടാളികളാകണമെങ്കിൽ ക്രിസ്തുവിനെക്കുറിച്ചും സത്യ ഉപദേശത്തെക്കുറിച്ചും ശരിയായ അറിവ് ഉണ്ടായിരിക്കണമെന്ന് മുന്നറിയിപ്പായി പറഞ്ഞുകൊണ്ട്, ഈ, കാലഘട്ടത്തിൽ പെരുകിവരുന്ന ദുരുപദേശത്തെ നേരിടാൻ സത്യവചനം ശരിയായ നിലയിൽ അറിഞ്ഞിരിക്കണമെന്ന് ഓർമ്മിപ്പിച്ചു. അതുകൊണ്ട് വചനപഠനത്തിന് വിശ്വാസികൾ കൂടിവരുന്ന സഭായോഗങ്ങളൊന്നും ഉപേക്ഷയായി വിചാരിക്കാൻ പാടില്ലെന്നും എല്ലാസഭായോഗങ്ങളും ആരാധനായോഗങ്ങളോടൊപ്പം ഓപ്രാധാന്യമർഹിക്കുന്നതാണെന്നും ജോസ് മാങ്കുടി തന്റെ ക്ലാസ്സുകളിൽ വ്യക്തമാക്കി.

സഭയും സഭകളും എന്ന വിഷയത്തെ അധികരിച്ച് സഹോദരൻ തോംസൺ ബി. തോമസ് ക്ലാസ്സുകളെടുത്തു. പഴയനിയമത്തിൽ ദൈവം കുടുംബം സ്ഥാപിച്ചു. പുതിയ നിയമത്തിൽ കർത്താവ് സഭ സ്ഥാപിച്ചു.

കർത്താവു സ്ഥാപിച്ചതും ദൈവത്തിന്റെ ഏറ്റവും വിലപ്പെട്ട സ്ഥാപനവും ഈ ഭൂമിയിൽ സഭകളാണ്. അതിനാൽ ദൈവത്തിന്റെ സഭയുടെ അടിസ്ഥാനവും സത്യത്തിന്റെ തൂണും ആയി ദൈവവചനത്തെ കാണുകയും കാക്കുകയും വേണം. ഇതിനായി സഭയിലെ മൂപ്പന്മാർ, അദ്ധ്യക്ഷന്മാർ, ഉപദേഷ്ടാക്കന്മാർ തുടങ്ങി ചുമതലപ്പെട്ടവർ വചനാടിസ്ഥാനത്തിൽ തന്നെ സഭയെ ഭരിക്കുകയും പരിപാലിക്കുകയും വേണം. 'സൂക്ഷിച്ചുകൊൾവിൻ' ഈ വിഷയത്തെ അടിസ്ഥാനമാക്കി സഹോ: വി.പി. പൗലോസ് ക്ലാസ്സുകളെടുത്തു.

സെപ്റ്റംബർ 27 ന് ആരംഭിച്ച വൈ. എം.ഇ.എഫ് ജനറൽ ക്യാമ്പ് 31, വെള്ളിയാഴ്ച ഒരു മണിയോടെ അനുഗ്രഹകരമായി പര്യവസാനിച്ചു. ദൈവമക്കൾ സർവ്വകൃപാലുവായ ദൈവത്തെ സ്തുതിച്ചുകൊണ്ട് കൈകൊടുത്തുപിരിഞ്ഞു.

## എഴുത്ത് ഒരു ആത്മീക ശുശ്രൂഷ: ചാണ്ടപ്പിള്ള




ഫോട്ടോ കാപ്ഷ്യൻ: ബൈബിൾ ലിറ്ററേച്ചർ ഫോറം അവാർഡ് എം. വി. തോമസ് ബ്രദർ എം. എം. സഖറിയായിൽനിന്നും ഏറ്റുവാങ്ങുന്നു. പി. റ്റി. ഫിലിപ്പ്, ചാണ്ടപ്പിള്ള ഫിലിപ്പ്, സി. റ്റി. ജോണിക്കുട്ടി, കെ. എ. ഫിലിപ്പ്, ഡോ. ഒ. എം. സാമുവേൽ എന്നിവർ സമീപം.

**കല്ലിശ്ശേരി.** എഴുതുക എന്ന ആലോചന നൽകിയത് ദൈവമാണ്. എഴുത്തിന് പിന്നിൽ ദൈവീക ഉദ്ദേശങ്ങളുണ്ട്. സത്യസന്ധവും നീതിപൂർവ്വവും ആകണം രചനകൾ. സകലവും സൂഷ്മമായി പരിശോധിച്ചുവേണം എഴുതാൻ. തമ്മിലുള്ള ബഹുമാനവും ആദരവും നിലനിർത്തിക്കൊണ്ടുവേണം ഓരോ രചനയിലും മഷി പുരട്ടുവാൻ. ശ്രീമാനായ തെയോഫിലോസിന് ലൂക്കോസ് യേശുവിന്റെ ചരിത്രം എഴുതി സമർപ്പിക്കുമ്പോൾ ഈ മേഖലകൾ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഹൂസ്റ്റൺ ബൈബിൾ ലിറ്ററേച്ചർ ഫോറം സംഘടിപ്പിച്ച അവാർഡുദാന സമ്മേളനത്തിൽ വചനസന്ദേശം നല്കിക്കൊണ്ട് ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് പറഞ്ഞു.

കല്ലിശ്ശേരി ബി. ബി. സി. ഓഡിറ്റോറിയത്തിൽ ജൂലൈ 27ന് നടന്ന സമ്മേളനം ബ്രദർ കെ. എ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. ഡോ. ഒ.എം. സാമുവേൽ അദ്ധ്യക്ഷത വഹിച്ചു. 54ൽ പരം ക്രൈസ്തവ ഗ്രന്ഥങ്ങൾ രചിച്ച അവാർഡു ജേതാവ് ബ്രദർ എം. വി. തോമസിനെ ബ്രദർ ജോർജ്ജ് മാത്യു പരിചയപ്പെടുത്തി. ബൈബിൾ ലിറ്ററേച്ചർ ഫോറം വൈസ് പ്രസിഡന്റ് ബ്രദർ പി. റ്റി. ഫിലിപ്പ് അവാർഡിന്റെ വിശദാംശങ്ങൾ പ്രസ്താവിച്ചു. ബ്രദർ എം. എം. സഖറിയ കാഷ് അവാർഡും ഫലകവും സമ്മാനിച്ചു. പി. ഇ. സാംകുട്ടി, ജോസഫ് മാത്യു, കെ. വി. മാത്യു, അനിയൻ വർഗീസ് എന്നിവർ ആശംസകൾ അർപ്പിച്ചു.

എഴുത്ത് ഒരു ദൈവനിയോഗം എന്ന വിഷയത്തിൽ ഡോ. കെ. സി. ജോൺസൻ പ്രബന്ധം അവതരിപ്പിച്ചു. ബ്രദർ എം. വി. ബാബു മോഡറേറ്റർ ആയിരുന്നു. പി. എസ്. തമ്പാൻ, കെ. സി.മാത്യു, ജോസഫ് പുന്നൂസ്, പി. എം. ഏബ്രഹാം, എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

സമ്മേളനത്തിൽ ഡോ. സണ്ണി എഴുമറ്റൂർ രചിച്ച ത്രിത്വം ഒരു പഠനം എന്ന ഗ്രന്ഥം കെ. ഇ. എം. ഫണ്ട് സെക്രട്ടറി ബ്രദർ തോമസ് ചാണ്ടി സുവി. ഫിലിപ്പ് ഏബ്രാഹാമിനും റജി ഈട്ടിമൂട്ടിൽ രചിച്ച ആത്മവരങ്ങളും ഫലങ്ങളും എന്ന ഗ്രന്ഥം ബ്രദർ ചാൾസ് ജോൺ റോയി മീമ്പാറയ്ക്കും പള്ളം വർഗീസ് എഴുതിയ എന്റെ രണ്ട് ഓർമ്മകൾ എന്ന കവിതാസമാഹാരം സാം സഖറിയ വർഗീസ് തോമസിനും നല്കി പ്രകാശനം ചെയ്തു.

ബ്രദറൺ സമൂഹത്തിലെ ഒട്ടേറെ എഴുത്തുകാരും സാഹിത്യാസ്വാദകരും സുവിശേഷകന്മാരും വിശ്വാസികളുമടങ്ങിയ ഇരുന്നൂറിലധികം പേർ പങ്കെടുത്തു. സി. റ്റി. ജോണിക്കുട്ടി സ്വാഗതവും സുവി. ജയിംസ് എം. തോമസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു. ബ്രദർ. എ. ഒ. തോമസിന്റെ പ്രാർത്ഥനയോടെ സമ്മേളനം ഒരു മണിക്ക് അവസാനിച്ചു.

## ബൈബിൾ സാഹിത്യ സമ്മേളനവും പ്രബന്ധാവതരണവും








**മൈലപ്ര:** ബൈബിൾ സാഹിത്യ പ്രവർത്തക സമിതിയുടെ ചുമതലയിൽ സെപ്. 21 വെള്ളിയാഴ്ച മൈലപ്ര ബ്രദറൺ സഭാഹാളിൽ വെച്ച് സാഹിത്യ സമ്മേളനവും പ്രബന്ധാവതരണവും നടന്നു. ബ്ര. കെ.എ. ഫിലിപ്പ് എഴുതിയ മഹാനായ പൗലോസ് എന്ന ഗ്രന്ഥത്തെ അധികരിച്ച് പൗലോസിന്റെ രചനയിലെ കാവ്യാത്മകത - ജോയിജോൺ (ബാംഗ്ലൂർ), പൗലോസിന്റെ എഴുത്തുകളിലെ വിപരീതാത്മകത ( Anti Thesis)-എം.വി. ബാബുകല്ലിശ്ശേരി, മഹാനായ പൗലോസ് എന്ന കൃതിയുടെ പ്രത്യേകത- ലിജോ വർഗ്ഗീസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചത് ശ്രദ്ധേയമായിരുന്നു. ഗ്രന്ഥകാരനേയും രചനയും ജോർജ്ജ് കോശി അവതരിപ്പിച്ചു.

ബ്രദർ പി. ഇ. സാംകുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ബ്രദർ ജോർജ്ജ് പീറ്റർ ചിറ്റൂർ ഉദ്ഘാടന സന്ദേശം നൽകി. ബ്രദർ ജോസഫ് മാത്യു, എസ്. സജ്ജീവി, എൻ.എസ്. വർഗ്ഗീസ് തുടങ്ങിയവർ വിവിധ ശുശ്രൂഷകളിൽ പങ്കെടുത്തു. സാം സഖറിയ സ്വാഗതം ആശംസിച്ചു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്നുചേർന്ന സാഹിത്യകാരന്മാർക്കും സാഹിത്യ ആസ്വാദകർക്കും അനുഗ്രഹീതമായ വേദിയായിരുന്നു ഈ സമ്മേളനം.

സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്...

## എഡിറ്റോറിയൽ



# മാലിന്യ കേരളം

**ദൈ**വത്തിന്റെ സ്വന്തം നാടെന്നു വിളിക്കപ്പെട്ടു വരുന്ന കേരളത്തിന്റെ ഒരു കാലത്തെ മുദ്രാവാക്യമായിരുന്നു 'സാക്ഷര കേരളം സുന്ദര കേരളം' എന്നത്. എന്നാൽ 'സുന്ദര കേരളം' എന്നത് ഇന്നും ഒരു ദിവാസ്വപ്നമായി ശേഷിക്കുന്നു.

വീടുകൾ, റോഡുകൾ കച്ചവടസ്ഥലങ്ങൾ എന്തിനേറെ പൊതു/ സ്വകാര്യ സ്ഥാപനങ്ങളുടെ ആഫീസുകൾവരെ മാലിന്യങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു. വിളപ്പിൽശാല, ബ്രഹ്മപുരം വടവാതൂർ തുടങ്ങിയ വലിയ സമരമുഖങ്ങൾ കേരളത്തിൽ വർദ്ധിച്ചു വരുന്നു. സെപ്റ്റിടാങ്കുകളുടെ ഔട്ട് ലെറ്റുകൾ പൊതു ഓടകളിലേക്കു തുറന്നു വയ്ക്കുന്നതും ഉപയോഗ ശൂന്യമായ വസ്തുക്കൾ നഗരങ്ങളിലും നിരത്തുകളിലും പറമ്പുകളിലും വലിച്ചെറിയുന്നതുമെല്ലാം മലയാളികളുടെ ശീലമായിക്കൊണ്ടിരിക്കുന്നു. അതനുസരിച്ചു രോഗങ്ങളും രോഗികളും ഇവിടെ വർദ്ധിച്ചു വരുന്നു.

ശുദ്ധജലം അന്യമായിക്കൊണ്ടിരിക്കുന്നത് അവഗണിച്ചുകുടാ. വൈറസുകളും, ബാക്ടീരിയയുമൊക്കെ പലരോഗങ്ങൾക്കു കാരണമാകുന്നത് മാലിന്യം കാരണമാണ്. മഞ്ഞപ്പിത്തം, ഡങ്കിപ്പനി, ചിക്കൻ ഗുനിയ, തുടങ്ങി രോഗങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. കോടിക്കണക്കിനു രൂപയാണ് ഇന്നു ചികിത്സയ്ക്കും മറ്റുമായി കേരളത്തിനു ചിലവിടേണ്ടി വരുന്നത്. ഈ സ്ഥിതി എത്രനാൾ എന്നത് ഭീതിപ്പെടുത്തുന്ന ചിന്തയാണ്. ഇതിനു മാറ്റം ഉണ്ടാകേണ്ടിരിക്കുന്നു. ആർക്കാണ് ഇതിനുത്തരവാദിത്തം നാമെല്ലാവരും ഇതിനുത്തരവാദികളാണെന്നത് ആദ്യം സമ്മതിക്കണം. മാലിന്യം ഉറവിടസ്ഥാനങ്ങളിൽത്തന്നെ യോഗ്യമാം വിധം സംസ്കരിക്കുന്നതിന് നമുക്കു കഴിയണം. ആധുനിക രീതിയിൽ ഇതു സംസ്കരിക്കുന്നതിന് ലളിതവും ചിലവു കുറഞ്ഞതുമായ പല മാർഗങ്ങളുമായി കേരളത്തിൽത്തന്നെയുള്ള വിവേകശാലികളായ പലരും മുന്നോട്ടു വന്നെങ്കിലും അതിനു വേണ്ട വിധം പ്രോത്സാഹിപ്പിക്കുന്നതിനോ അവ പ്രയോജനപ്പെടുത്തുവാനോ ഇവിടെ മാറിമാറി ഭരിച്ച സർക്കാരുകൾ ശ്രദ്ധിച്ചില്ല എന്നത് ഒരു അപ്രിയ സത്യമാണ്.

ധിഷണശാലികളായ ഭരണാധികാരികൾക്കേ ഇതിനും ശാശ്വതമായ പരിഹാരം വരുത്തുവാൻ കഴിയുകയുള്ളു. നമ്മുടെ വീടുകളിലും, മറ്റു സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യം ഉപയോഗിച്ചു ഗ്യാസുണ്ടാക്കുവാനും വളം തുടങ്ങി പ്രയോജന പ്രദമായ മറ്റു പലതും നമുക്കുണ്ടാക്കുവാൻ സാധിക്കും. അതിന് സർക്കാരും ഉദ്യോഗസ്ഥരും സാധാരണക്കാരുമെല്ലാം ചേർന്ന് പ്രവർത്തിക്കുവാൻ ആവശ്യമുണ്ട്. ഇതു നമ്മുടെ ആവശ്യമാണെന്നു തിരിച്ചറിയണം. അല്ലെങ്കിൽ നാളെകൾ വലിയ ഭീകരസത്വങ്ങളായി നമ്മുടെ മുൻപിൽ ഉയർന്നു നില്ക്കും. നാളത്തെ തലമുറകൾ നമ്മെ ശപിക്കുവാൻ കാരണമാകും. ആരോഗ്യകരമായ നല്ല നാളുകൾക്കായി സുന്ദരമായൊരു നാടിന്റെ നിർമ്മിതിയിൽ നമ്മുക്കു ഓരോരുത്തർക്കും തുല്യ പങ്കാളിത്തമാണുള്ളത് എന്നു സമ്മതിക്കയും പ്രവർത്തിക്കയും ചെയ്യാം.

ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ പാപത്തിൽ വീണപ്പോൾ ഉണ്ടായ ദുരന്തം വളരെ വലുതാണ്. അവർക്ക് ശേഷമുണ്ടായ സകല മനുഷ്യ പരമ്പരകളിലും അശുദ്ധി വ്യാപിച്ചു. അത് മരണ ഹേതുവായി. ദൈവത്തിൽ നിന്നും അത് അവരെ അകറ്റി. വിശുദ്ധനായ ദൈവവുമായി ബന്ധപ്പെടാനാവാതെ നാശയോഗ്യരായി മാറി. എന്നാൽ കരുണാ സമ്പന്നനായ ദൈവം തന്റെ പുത്രനെ അവർക്കു വേണ്ടി യാഗമാക്കി മനുഷ്യവർഗ്ഗത്തിന് വിശുദ്ധിയും വീണ്ടെടുപ്പും നൽകി. തുടർന്ന് ഉത്തരവാദിത്വമുള്ള ഒരു ജീവിതത്തിനായി ഭൂമിയിലാക്കി. കർത്താവിന് യോഗ്യമാം വണ്ണം നടക്കണമെന്നാണ് പൗലോസ് ആവശ്യപ്പെടുന്നത്. ദൈവസ്വഭാവമായ വിശുദ്ധി നമ്മുടെ മുഖമുദ്രയായിരിക്കണം.

ദൈവജനമെ നമ്മുടെ അനുദിനജീവിതത്തിൽ പാപമെന്ന മാലിന്യത്താൽ, അശുദ്ധി സംഭവിപ്പാൻ വളരെ സാദ്ധ്യതകളാണുള്ളത്. എന്നാൽ അതു ഉടൻ തിരിച്ചറിയുവാനും ഉറവിടങ്ങളിൽത്തന്നെ അത് നാശപ്പിക്കുവാൻ സാധിക്കണം. അവിടെത്തന്നെ അതിനു പരിഹാരം വരുത്തുവാനും നമുക്കാകണം. പാപം വാതിൽക്കൽ കിടക്കുന്നു., നീ അതിനെ കീഴടക്കേണം എന്ന മുന്നറിയിപ്പ് അവഗണിച്ചതിനാൽ അനുജന്റെ കൊലപാതകി എന്ന പേരു വീണു. ശപതാർപ്പിതം എടുക്കുതെന്ന കല്പന ധിക്കരിച്ച ആഖാൻ ഒരു ജനത്തിന്റെ മുഴുവൻ പരാജയത്തിനു ഹേതുവായി. അസാരം പുളിമാവു പിണ്ഡത്തെ മുഴുവൻ പുളിപ്പിക്കുന്നു. ആകയാൽ വ്യക്തികളിലും കുടുംബങ്ങളിലും സഭകളിലും ഒക്കെയുണ്ടാകുന്ന അശുദ്ധിയും പോരായ്മകളും അവിടെത്തന്നെ പരിഹരിക്കുവാൻ നാം ശ്രദ്ധിച്ചാൽ നമ്മുടെ സമൂഹത്തെയോ സഭകളെയോ ഒന്നും അതുഹാനിവരുത്തില്ല. ദൈവമക്കളെ നമ്മുടെ ഉത്തരവാദിത്വം വളരെ വലുതാണ്. ദൈവം നമ്മെ അശുദ്ധിക്കല്ല; വിശുദ്ധീകരണത്തിന്നത്രെ വിളിച്ചത്' (1തെസ്സ4:7)

**എം.വി. ബാബു**
(ചീഫ് എഡിറ്റർ)

## സോദരി സമാജം കല്ലിശ്ശേരി സെന്റർ

കല്ലിശ്ശേരി സെന്റർ സോദരിസമാജത്തിന്റെ അടുത്ത സമ്മേളനം 2012 ഒക്ടോബർ 26-ാം തീയതി വെള്ളിയാഴ്ച 10 മണി മുതൽ 1 മണിവരെ പുന്തല ബ്രദറൺ അസംബ്ലിയിൽ വെച്ചു നടക്കുന്നതാണ്. സഹോദരിമാർ പ്രാർത്ഥനാപൂർവ്വം കടന്നു വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. റോമർ 1–5 വരെയുള്ള അദ്ധ്യായങ്ങളിൽ നിന്നും ബൈബിൾ ക്വിസ് ഉണ്ടായിരിക്കുന്നതാണ്. മോളി ബാബു (സെക്രട്ടറി), 9495924260

# നല്ല ഇടയൻ മിനിസ്ട്രി

**പുളിയംഗുഡി:** നല്ലഇടയൻ മിനസ്ട്രിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന സൗത്ത് തമിഴ്നാട് ഗ്രാമസുവിശേഷീകരണം അനുഗ്രഹമായി നടക്കുന്നു. സുവി. ഫിലിപ്പുകുട്ടി, ജോൺ കെന്നഡി എന്നിവർ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. പുളിയംഗുഡിയിലും ചുറ്റുപാടും ഗ്രാമങ്ങളിൽ പരസ്യയോഗങ്ങളും ഭവന സന്ദർശനവും ക്രമീകൃതമായി നടക്കുന്നു. സുവി. ചിന്നരാജും, ഫിലിപ്പുകുട്ടിയും നേതൃത്വം നൽകുന്ന ബഥേൽ ബ്രദറൺ അസംബ്ലിയുടെ സഭാപ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. അറുപതോളം പേർ കൂടിവരുന്നു.

**കൂമാപെട്ടി :** കൂമാപെട്ടിയിലും ചുറ്റുപാടും നടന്ന പരസ്യയോഗങ്ങളിൽ സഹോ. എം.വി. ബാബുകല്ലിശ്ശേരി ദൈവ വചനം ശുശ്രൂഷിച്ചു. കൃഷ്ണൻ കോവിലിലും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ രണ്ടു ദിവസത്തെ സുവിശേഷ ക്യാമ്പ് നടന്നു. ഗോവിന്ദൻ, ജോൺ കെന്നഡി, അൽഫോൻസ്, ഫിലിപ്പുകുട്ടി, എം.വി.ബാബു തുടങ്ങിയ സുവിശേഷകന്മാർ പങ്കെടുത്തു.

പുളിയംഗുഡിയിലെ ചിൽഡ്രൻസ് ഹോംമിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

# അബുദാബി കൺവൻഷൻ

ദൈവഹിതമായാൽ ബ്രദറൺ അസംബ്ലി, അബുദാബിയുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ കൺവൻഷൻ "ഗുഡ് റൈഡിങ്ങ്സ് 2012" ഒക്ടോബർ ഒന്ന് മുതൽ മൂന്ന് വരെ (തിങ്കൾ മുതൽ ബുധൻ വരെ) അബുദാബി ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിൽ വെച്ചും ഒക്ടോബർ നാല് (വ്യാഴം) ബ്രദറൺ ചർച്ച് സെന്റർ മുസ്സഫയിൽ വെച്ചും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇവാ. ജോൺ കുര്യൻ (കോട്ടയം) ദൈവവചനം ശുശ്രൂഷിക്കുന്നതും ബ്രദറൺ അസംബ്ലി ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതുമായിരിക്കും. കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും.

സാംകുട്ടി ജോർജ്, ബിജോയ് ജോൺസ് ജോർജ്.

# കെ.ഇ.എം. ഫണ്ടിന് ഓഫീസ് മന്ദിരം

**കോട്ടയം:** 1943-ൽ രൂപമെടുത്ത കെ.ഇ.എം. ഫണ്ട് പ്രവർത്തനങ്ങൾക്ക് ഒരു ഓഫീസ് മന്ദിരം ഉണ്ടാവുക എന്നത് ശുശ്രൂഷയുടെ സുഗമമായ പ്രവർത്തനത്തിന് സഹായകമാണ്. കേരളത്തിലും വിവിധ സംസ്ഥാനങ്ങളിലുമായുള്ള 750 ൽ അധികം സുവിശേഷകന്മാരെ രണ്ടു മാസത്തിലൊരിക്കൽ ദൈവം തന്റെ മക്കളിൽകൂടി നൽകുന്ന ഔദാര്യദാനങ്ങളായി സഹായിച്ചുകൊണ്ടിരിക്കുന്ന ഈ ഫണ്ടിന്റെ ചുമതല വഹിക്കുന്നത് സെക്രട്ടറി തോമസ് ചാണ്ടിയും മൂന്ന് ജോ. സെക്രട്ടറിമാരും അടക്കം 18 അംഗങ്ങൾ അടങ്ങിയ ഒരു കമ്മറ്റിയാണ്. ഒരു ഓഫീസ് മന്ദിരം ഉണ്ടാകേണ്ടതിന്റെ ആവശ്യം ഈ പ്രവർത്തനത്തെ സ്നേഹിക്കുന്ന അഭ്യുതയ കാംക്ഷികളും സുവിശേഷകന്മാരും ദീർഘനാളായി ഉന്നയിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഈ ആവശ്യത്തിലേക്ക് കുമ്പനാട് ബ്രദറൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെ കൈവശത്തിലിരിക്കുന്നതും സ്റ്റൂവാർഡ് അസോസിയേഷൻ ഇൻ ഇന്ത്യയുടെ ഉടമസ്ഥതയിലുമുള്ള മൂന്ന് സെന്റ് സ്ഥലം വിട്ടുതരാമെന്ന് ഇരുകൂട്ടരും സമ്മതിച്ചത് ഫണ്ട് കമ്മറ്റി സ്വീകരിച്ചിരിക്കുകയാണ്. ഏകദേശം 30 ലക്ഷം രൂപ ചെലവുവരുന്ന ഒരു ചെറിയ കെട്ടിടം പണിയുവാനാണ് കമ്മറ്റി ആഗ്രഹിക്കുന്നത്. ഈ ആവശ്യത്തിലേക്ക് പ്രത്യേകമായ ഒരു ഫണ്ട് ശേഖരിക്കുവാൻ ഉദ്ദേശിക്കുന്നു. സഹോദരന്മാരായ സി.എ. ജോർജ്ജ്, ഡോ. സി. എസ്. ഏബ്രഹാം, പി.ഇ. സാംകുട്ടി എന്നീ കമ്മറ്റി അംഗങ്ങളുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. S.B. A/c No. 3301, The Tiruvalla East Co-operative Bank Ltd. Kumbanad Branch. സുവിശേഷ വേലയെ ആദരിക്കുന്ന എല്ലാ ദൈവമക്കളും നേരിട്ടോ ബാങ്ക് അക്കൗണ്ടിലൂടെയോ സംഭാവനകൾ നൽകി ഈ പ്രവർത്തനത്തിൽ പങ്കാളികളാവുക. സംഭാവനകൾ അയ്ക്കേണ്ട വിലാസം: പി.ഇ. സാംകുട്ടി, പി.ബി. നം. 38, കുമ്പനാട് പി.ഒ. – 689547, തിരുവല്ല.

# ചെങ്ങന്നൂർ താലൂക്ക് സുവിശേഷവൽക്കരണം

**കല്ലിശ്ശേരി :** ചെങ്ങന്നൂർ താലൂക്ക് സുവിശേഷവൽക്കരണം 25 വർഷം പിന്നിടുന്നു. വാർഷികദിനമായ ഒക്ടോബർ 2-ന് ഏകദിന സമ്മേളനം. കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ രാവിലെ 9.30 മുതൽ 5 പി.എം. വരെ നടക്കുന്നു. ഭാരത സുവിശേഷീകരണത്തിൽ ബ്രദറൺ വിശ്വാസികളുടെ ഉത്തരവാദിത്തം എന്ന വിഷയം ചർച്ച ചെയ്യുന്നു. പ്രഭാഷകർ : ഈ. ജെ. പൈലി അങ്കമാലി, ഒ.എം. സാമുവൽ, പത്തനംതിട്ട കെ.ഏ. ഫിലിപ്പ്, മൈലപ്ര, മാത്യു പോൾ.

എല്ലാ സഹോദരീസഹോദരന്മാർക്കും സ്വാഗതം. ഇവാ. ജയിംസ് വർഗ്ഗീസ് 9847047669


## നിയോഗം

| | |
|---|---|
| Chief Editor | - M.V. Babu |
| Editor | - Molly Babu |
| Managing Editor | - P.O. Samuel |
| Associate Editor's | - Shajahan V. Hassan |
| | - Titus Samuel |
| | - S. Sanjivi, 9447668224 |
| U.S. Co-ordianator | - Rajan Thomas NY 914 347 2696 |
| Editorial Board | |
| Mathew Cherian | - TX 281 487 1683 |
| Roy Varghese | - GA 770 755 5345 |
| George Samuel | - Houston |
| Advisory Board | |
| P.A. Philip | - Doha |
| P.T. Philip | - Houston |
| M.V. Sunny | - Dubai |
| Geevarghese Thankachan | - NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com

"സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്"

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്.
ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക.
**വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ), 25 ഡോളർ (യു. എസ്. എ), 500 രൂപ (ഗൾഫ്)**
**Per copy: Rs.10/-**
**വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ**

വാർത്തകൾ, രചനകൾ, കത്തുകൾ, വരിസംഖ്യ, വിലാസമാറ്റം,
എന്നിവ അയയ്ക്കേണ്ട വിലാസം
M.V. BABU, NIYOGAM, KALLISSERY
P.O, KERALA - 689 124
PH:0479-2426084, 9447124260
E-mail: niyogampatram@gmail.com

മാസിക ആവശ്യമുള്ളവർ
E-mail ചെയ്യുക

# തിരുവട്ടാർ കൃഷ്ണൻകുട്ടി

## ബൈബിളിനൊപ്പം; ബൈബിളിന്റെ വഴിയിൽ തന്നെ

ജെ.സി. ദേവ്

**എം.**എം. അക്ബറിന്റെ പത്രാധിപത്യത്തിൽ ഉള്ള സ്നേഹസംവാദം എന്ന ഇസ്ലാമിക മാസികയുടെ 2012 ആഗസ്റ്റ് ലക്കത്തിൽ “സുവിശേഷകൻ ബൈബിൾ തള്ളി പറയുന്നു തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ വെളിപ്പെടുത്തലുകൾ എന്ന ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. മുഹമ്മദ് ഈസാ പെരുമ്പാവൂർ ആണ് ലേഖകൻ. ലേഖനം വായിച്ചപ്പോൾ അക്ബറും മറ്റും ബൈബിളിനും ക്രിസ്തുവിനും ക്രൈസ്തവദർശനത്തിനും എതിരെ ചെയ്ത പ്രസംഗങ്ങൾക്കും എഴുത്തുകൾക്കും ഉള്ള ശക്തമായ മറുപടി നൽകി “ക്രൈസ്തവ–ഇസ്ലാം സംവാദം” എന്ന ഗ്രന്ഥം എഴുതിയ തിരുവട്ടാർ കൃഷ്ണൻകുട്ടിയോടുള്ള പക തീർക്കുവാനുള്ള ഒരു ഹീനതന്ത്രത്തിന്റെ ഭാഗമാണിതെന്നു മനസ്സിലാക്കുവാൻ എനിക്ക് ബുദ്ധിമുട്ടുണ്ടായില്ല.

2000–ലാണ് “ക്രൈസ്തവ മാർഗ്ഗത്തിനെതിരായ ഇസ്ലാമ്യ കപടമാർഗ്ഗങ്ങൾക്കുള്ള മറുപടി. ക്രൈസ്തവ – ഇസ്ലാം സംവാദം” എന്ന തിരുവട്ടാറിന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. പ്രസ്തുത ഗ്രന്ഥത്തിന് ഇങ്ങനെ എങ്കിലും ഒരു മറുപടി എഴുതി എന്നു വരുത്തുവാൻ പന്ത്രണ്ടു വർഷം കാത്തിരിക്കേണ്ടി വന്നു! അക്ബറിന്റെ ദീർഘവർഷത്തെ മൗനത്തിന് വിരാമം കുറിച്ച് ന്യായീകരണവുമായി ഒരു മുഹമ്മദ് ഈസാ പകരക്കാരനായി രംഗത്തു വരേണ്ടി വന്നു! അക്ബറിനെ രക്ഷിക്കുക എന്നതാണ് ഈ പകരക്കാരന്റെ നിയോഗം. മുഹമ്മദ്



ഈസായുടെ ലേഖനം വായിച്ച് ഒരു മുസ്ലീം സുഹൃത്ത് ഉൾപ്പെടെ പലരും എന്നെ ടെലഫോണിൽ വിളിച്ച് സത്യാവസ്ഥ അന്വേഷിച്ചു. ഓഗസ്റ്റ് ലക്കം മാസിക വ്യാപകമായി പ്രചരിപ്പിച്ചതായിട്ടാണ് അറിവ്. തിരുവട്ടാർ സാറിന്റെ പ്രവർത്തനങ്ങൾ പരസ്യമായി നടത്തപ്പെട്ട ഇസ്ലാമിക വിമർശനങ്ങളായതുകൊണ്ട് ഈ ചർച്ചയും പുറംലോകത്തെ ഞങ്ങൾ അറിയിക്കും'' എന്ന് കൃഷ്ണൻകുട്ടിയുടെ ഭവനത്തിൽ വെച്ചു തന്നെ പ്രഖ്യാപിച്ചതായി മുഹമ്മദ് ഈസാ എഴുതിയിട്ടുണ്ട്.

കൃഷ്ണൻകുട്ടിയുമായി മുഹമ്മദ് ഈസായും സംഘവും നടത്തിയ ദീർഘ മണിക്കൂർ ചർച്ചകളുടെ അടിസ്ഥാനത്തിലാണത്രേ ലേഖനം തയ്യാറാക്കിയത്. ഈ ചർച്ചയുടെ നിജസ്ഥിതി അറിയുന്നതിന് ആഗസ്റ്റ് 25–ാം തീയതി ശനിയാഴ്ച രാവിലെ പതിനൊന്നു മണിയോട് അടുത്തു ഞാനും എന്റെ സുഹൃത്ത് ബ്രദറൺ എക്കോയുടെ ചീഫ് എഡിറ്റർ ലിജോ വർഗ്ഗീസ് പാലമറ്റവും (അങ്കമാലി) തിരുവട്ടാറിന്റെ ഭവനത്തിൽ എത്തി. ആദ്യം തന്നെ കൃഷ്ണൻകുട്ടിയും അദ്ദേഹത്തിന്റെ ഭാര്യയും പറഞ്ഞത്; “ബ്രദർ അവർ ചതിക്കുകയായിരുന്നു” എന്നാണ്. അവരുടെ പ്രതികരണം എന്റെ ധാരണയെ ശരിവെയ്ക്കുകയായിരുന്നു. കൃഷ്ണൻകുട്ടിയുടെ ഇപ്പോഴത്തെ ശാരീരികമായ എതിർ സാഹചര്യങ്ങൾ മനസ്സിലാക്കുന്നവർ അദ്ദേഹവുമായി ഈ വിധത്തിലുള്ള ഒരു സംവാദത്തിനും തുനിയുകയില്ല. ഈയിടെ അദ്ദേഹത്തെ സന്ദർശിച്ച റിയൽ ലൈഫ് മാസികയുടെ പത്രാധിപർ എം.വി. സെബാസ്റ്റ്യൻ എഴുതി “കൃഷ്ണൻകുട്ടി എന്ന ദൈവദാസൻ ക്ഷീണിതനായി വീട്ടിൽ വിശ്രമിക്കുകയാണെന്ന് ഈയിടെയാണ് ഞാൻ അറിഞ്ഞത്. ജൂലൈ മാസം ഒന്നാം തീയതി ഞാനും എന്റെ കുടുംബവും ജേക്കബ് സാറും ഒന്നിച്ച് തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ കടമറ്റത്തുള്ള വസതിയിലേക്ക് തിരിച്ചു.

“കിടപ്പുമുറിയിൽ നിന്നും കയ്യിൽ ഊന്നുവടിയുമായി വളരെ പ്രയാസപ്പെട്ട് സ്വീകരണമുറിയിലേക്ക് വേച്ചുവെച്ചെന്ന പോലെ വരുന്ന കൃഷ്ണൻകുട്ടി സാറിന്റെ ചിത്രം നടുക്കവും വേദനയും ഉളവാക്കി. പക്ഷേ, അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്നത് പുഞ്ചിരി മാത്രം. അദ്ദേഹത്തിന്റെ കവലകളിൽ നിന്നുള്ള പ്രസംഗങ്ങളും അപ്പോഴുണ്ടാകാറുള്ള ട്രാഫിക്ക് ബ്ലോക്കും പരാമർശിച്ചപ്പോൾ ചിരിച്ചുകൊണ്ടുള്ള പ്രതികരണം ഇങ്ങനെയായിരുന്നു'' “അതൊരു കാലം”. അതേ അതൊരു അതിശയകരമായ കാലം തന്നെയായിരുന്നു'' (റിയൽ ലൈഫ്, ജൂലൈ 2012). ഇന്ന് അദ്ദേഹത്തിന് 75 വയസ്സ് കഴിഞ്ഞു. നട്ടെല്ലിന് തേയ്മാനം സംഭവിച്ചു. അല്പസമയം പോലും നിൽക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഭാര്യയുടെ സഹായത്തോടെ, ഒരു ഊന്നുവടിയുമായി വളരെ പ്രയാസപ്പെട്ടാണ് അദ്ദേഹം സന്ദർശകരുടെ മുന്നിൽ എത്തുക. ഓർമ്മശക്തിയും കുറഞ്ഞിരിക്കുന്നു. സ്വയം ചിന്തിച്ചും ആലോചിച്ചും മറുപടി പറയുവാനുള്ള കഴിവും ഇല്ല.

**ഞങ്ങൾ അടിയുറച്ച ബൈബിൾ വിശ്വാസികളാണ്” തിരുവട്ടാറിന്റെ സഹധർമ്മിണി എൽസി വ്യക്തമാക്കി. “തിരുവട്ടാർ കൃഷ്ണൻകുട്ടിയെ പരാജയപ്പെടുത്തി എന്നു പ്രചരിപ്പിക്കുവാനാണ് നിങ്ങളുടെ ശ്രമം എങ്കിൽ അതൊരിക്കലും വിജയിക്കുകയില്ല”**

# തമസ്സിലും തളരാത്ത സ്നേഹം

മെറീന ജോണി, മേക്കാട്



**അ**ന്ന് പതിവിലും നേരത്തേ പകലോൻ മറഞ്ഞിരുണ്ടു. ദേശമെല്ലാം അന്ധകാരം വ്യാപിച്ചു. പ്രകൃതിപോലും ആ ദാരുണ സംഭവത്തിൽ പ്രതിഷേധം അറിയിച്ചു. ജനമെല്ലാം പരിഭ്രാന്തരായി അങ്ങോളമിങ്ങോളം നടന്നകന്നു. ഏകവാക്കിനാൽ സർവ്വചരാചരങ്ങളെയും സൃഷ്ടിച്ച ഏകനായ് മഹാത്ഭുതങ്ങളെ പ്രവർത്തിച്ച ലോകൈകനാഥൻ ഒരു മനുഷ്യനായ് പാരിനും പരത്തിനും മദ്ധ്യേ ഒരു നീചനെപ്പോലെ ക്രൂശിക്കപ്പെട്ടു. സമൂഹത്തിൽ വെറുക്കപ്പെട്ടവരേയും, പാപികളേയും, ചുങ്കക്കാരേയും, ദീനക്കാരെയും സ്നേഹിച്ച നല്ലിടയൻ. മൂന്നരവർഷക്കാലം തന്റെ കൂടെ നടന്ന ശിഷ്യന്മാർ പോലും തന്നെ വിട്ട് ഓടിപ്പോയി (മർക്കോ. 14:50, മത്താ. 26:56). സ്നേഹത്തിന്നുറവിടമായ കർത്താവിനോടുള്ള അവരുടെ സ്നേഹം ആ ക്രൂശു കണ്ടപ്പോൾ തണുത്തുറഞ്ഞുപോയി. എന്നാൽ പ്രകൃതിയുടെ ഭീകരതയും റോമൻ പട്ടാളത്തിന്റെ ക്രൂരതയും ഭയമില്ലാതെ ചില സ്ത്രീ രത്നങ്ങൾ ആ ക്രൂശിന്നരികെ നില്പാനിടയായി. കർത്താവിനോടുള്ള അവരുടെ സ്നേഹം അളവറ്റതായിരുന്നു. “അധികം ഇളച്ചു കിട്ടിയവൻ അധികം സ്നേഹിക്കും” (ലൂക്കോ. 7:41–43). പാപിനിയായ സ്ത്രീയോടുള്ള ബന്ധത്തിൽ കർത്താവു പറഞ്ഞ വാക്കുകളാണിവ. ദൈവത്തോടുള്ള സ്നേഹം പൂർണ്ണതയുള്ളതായിരിക്കണം. ആ സ്നേഹമാണ് ഏതു പ്രതികൂലങ്ങളെയും നേരിടാൻ നമ്മെ പ്രാപ്തരാക്കുന്നത്. “സ്നേഹത്തിൽ ഭയമില്ല ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല” (1 യോഹ. 4:18) കാരാഗൃഹത്തിലും മരണഭയത്തിലുമായ പൗലോസ് അപ്പൊസ്തലൻ ഇപ്രകാരം പറഞ്ഞു. “ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? (റോമ 8:35) എന്നാൽ ഈ കാലഘട്ടത്തിൽ ഇതൊന്നുമല്ല ദൈവമക്കളെ ദൈവസ്നേഹത്തിൽ നിന്നും വേർപിരിക്കുന്നത്. ലോകവും അതിന്റെ മോഹങ്ങളുമാണെന്നുള്ള നഗ്നസത്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. **“ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല” (1 യോഹ. 2:15).**

കാൽവരി മുതൽ കല്ലറ വരെ കർത്താവിനെ പിന്തുടർന്ന ചുരുക്കം ചില സഹോദരിമാർ അരുമനാഥന്റെ ശരീരം വെച്ച വിധമൊക്കെയും നോക്കിക്കണ്ടു മടങ്ങിപ്പോയി. എന്നാൽ അവൾ മാത്രം രാത്രി നിദ്രാവിഹീനയായിരുന്നു. പല പല ചോദ്യങ്ങൾ അവളുടെ ചിന്താമണ്ഡലത്തിലൂടെ കടന്നുപോയി. പ്രഭാതം പൊട്ടിവിടരാൻ അവൾ കാത്തിരുന്നില്ല. ഇരുട്ടിനെ തൃണവൽക്കരിച്ചുകൊണ്ട് താൻ സ്വരൂപിച്ച സുഗന്ധവർഗ്ഗവുമായി അവൾ യാത്ര പുറപ്പെട്ടു. വഴിയിലെല്ലാം ശ്മശാനമൂകത. ശത്രുക്കൾ കൊള്ളയടിക്കുമെന്നോ കാവൽപട്ടാളം ഉപദ്രവിക്കുമെന്നോ ഭയമില്ലാതെ അവൾ നടന്നു നീങ്ങി. തന്റെ ബന്ധനങ്ങളെ അഴിച്ച കർത്താവിനെ തനിക്കു ആദ്യം കാണണം. ആ സ്ത്രീയടെഹൃദയം വെമ്പൽ കൊണ്ടു. ലോകത്തു മറ്റെന്തിനേക്കാളുമുപരി അവൾ കർത്താവിനെ സ്നേഹിച്ചു. അവളുടെ പ്രതീക്ഷയ്ക്കു വിപരീതമായി കർത്താവിനെ കല്ലറയിൽ കാണ്മാനില്ലായിരുന്നു. അവളുടെ ഹൃദയം തേങ്ങി, “സ്ത്രീയേ നീ കരയുന്നതെന്തിന് (യോഹ. 20:15) എന്നു ചോദിച്ചെങ്കിലും അവൾ കർത്താവിനെ തിരിച്ചറിഞ്ഞില്ല. എന്നാൽ കർത്താവു അവളുടെ പേരു ചൊല്ലി വിളിച്ച നിമിഷം അവൾ ഗുരുവിനെ തിരിച്ചറിഞ്ഞു. (യോഹ. 20:16) ആയിരം പൂത്തിരികൾ ഒരുമിച്ചു കത്തിയ പ്രതീതിയായിരുന്നു മഗ്ദലക്കാരത്തി മറിയയുടെ മനസ്സിലും മുഖത്തും. കർത്താവു ചില ചുമതലകൾ അവളെ ഏൽപ്പിക്കുവാനിടയായി. താൻ ഉയർത്തെഴുന്നേറ്റ വിവരം സഹോദരന്മാരോടറിയിക്ക (യോഹ. 20:17) എത്രയോ ഭാഗ്യകരമായ അവസരമാണ് മറിയയ്ക്കു ലഭിച്ചത്.

പ്രിയ സഹോദരിമാരെ, അതിരാവിലെ ആ പ്രിയന്റെ പൊൻമുഖം കാണുവാനുള്ള വാഞ്ച നമുക്ക് എത്രയുണ്ട്? ബദ്ധപ്പാടുകളുടെ മദ്ധ്യത്തിലും ആ കാൽപാദത്തിലിരിക്കുവാൻ നാം സമയം കണ്ടെത്താറുണ്ടോ? ദൈവവചനം നമ്മുടെ കൈകളിൽ തന്നിട്ടുണ്ട്. സഹോദരിമാരായ നാം രാവിലെ നമ്മുടെ കുടുംബവുമായി ഒരുമിച്ചിരിക്കുന്നതു കൂടാതെ അല്പസമയം നാം വേറിട്ടു വചനം ധ്യാനിക്കുമ്പോൾ കർത്താവു നമ്മോടും സാംസാരിക്കുന്ന ശബ്ദം കേൾക്കാൻ കഴിയും. സഹോദരിമാരായ, മാതാക്കളായ, ഭാര്യമാരായ നാം ഭവനത്തിൽ അതു ആരംഭിക്കുമെങ്കിൽ നമ്മുടെ തലമുറകളും തെറ്റിപ്പോകുന്ന ഭവനവും സഭയും അനുഗ്രഹിക്കപ്പെടുവാനിടയാകും. ജീവിതത്തിൽ പല അനുഭവത്തിലൂടെ കർത്താവു നമ്മെ കടത്തിവിട്ടെന്നുവരാം.എന്നാൽ മറിയയെപ്പോലെ ഏതു പ്രതികൂലത്തിലും കർത്താവിനോടുള്ള സ്നേഹത്തിൽ അവന്റെ മുഖം അന്വേഷിക്കുവാൻ നമുക്കിടയാകട്ടെ.

**“സ്നേഹത്തിൽ ഭയമില്ല ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല”**

പഴയപുറം

# ഒന്നിനെക്കുറിച്ചും ഭയമില്ല

റ്റി. എ. കുര്യൻ

ഒരു ദൈവമകന് പ്രാപഞ്ചികമായ യാതൊരു വിഷയവും ഭയകാരണമാകയില്ല. കാരണം അവൻ ദൈവത്തെ തന്റെ ശരണം ആക്കിയിട്ടുള്ളവനും ദൈവഭയത്തിൽ ജീവിതം ആരംഭിച്ചിട്ടുള്ളവനും ആകുന്നു. ദൈവഭയം പോലെ ഭയത്തെ പുറത്താക്കിക്കളയുന്ന വേറൊരു വസ്തുവും ലോകത്തിലില്ല. അതിനെക്കുറിച്ചു സങ്കീർത്തനക്കാരൻ പറയുന്നത്. "ഞാൻ യഹോവയോടപേക്ഷിച്ചു". അവൻ എനിക്കുത്തരമരുളി "എന്റെ സകല ഭയങ്ങളിൽ നിന്നും എന്നെ വിടുവിച്ചു എന്നാണ്". ഇതു എത്ര ഭാഗ്യകരമായ ഒരു അനുഭവമാണ്!. "ഇതിന്റെ മാധുര്യം ദൈവത്തെകാത്തിരിക്കുന്ന ഭക്തന്മാർക്കു മാത്രമെ അറിയുവാൻ കഴിയുകയുള്ളു.

യഹോവായെ മാത്രമല്ലാതെ മറ്റാരെയും ഭയപ്പെടുവാൻ ദൈവം കല്പിച്ചിട്ടില്ല. താൻ ഭയപ്പെടുവാൻ യോഗ്യനാണ്. ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ടു അവനെ പരമാർത്ഥതയോടും വിശ്വസ്ഥതയോടും കൂടെ സേവിപ്പീൻ" എന്ന് യിസ്രായേൽ ഗോത്രങ്ങളോട് യോശുവാ കല്പിക്കുന്നു. "ഭയത്തോടെ യഹോവയെ സേവിപ്പിൻ എന്ന് 2–ാം സങ്കീർത്തനവും ശ്രദ്ധാപൂർവ്വം ഉത്ബോധിപ്പിക്കുന്നു.

ചെങ്കടൽ കടന്നശേഷം മോശയും യിസ്രയേൽ മക്കളലും യഹോവയെ പാടിസ്തുതിച്ചു. "എന്റെ ബലവും എന്റെ ഗീതവും യഹോവയത്രെ; അവൻ എനിക്കു രക്ഷയായിത്തീർന്നു" എന്നു അവർ ഭയത്തിന്റെയും പരിഭ്രമത്തിന്റെയും, സ്ഥാനത്തു സന്തോഷിക്കുകയും നൃത്തം ചെയ്യുകയും ചെയ്തു. എന്നാൽ യിസ്രായേലിന്റെ ശത്രുക്കളെ സംബന്ധിച്ച് ജാതികൾ കേട്ടു നടുങ്ങുന്നു. ഫെലിസ്ത്യനിവാസികൾക്ക് ഭീതി പിടിച്ചിരിക്കുന്നു. എദോമ്യപ്രഭുക്കന്മാർ ഭ്രമിച്ചു മോവ്യോബ്യമുമ്പന്മാർക്ക് കമ്പം പിടിച്ചു. കനാന്യ നിവാസികളെല്ലാം ഉരുകിപ്പോകുന്നു. ഭയവും ഭീതിയും അവരുടെ മേൽ വീണു"(പുറ: 15–16) എന്നാണ്. പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. യഹോവാ ഭക്തന്മാർ ഭയവിമുക്തന്മരായിത്തീരുകയും ലോകജാതികൾ ഭയവിഹ്വലരായിച്ചമയുകയും ചെയ്യുന്ന ഒരു കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. ഭീതിയും അമ്പരപ്പും ദൈവജനങ്ങളുടെ മദ്ധ്യത്തിലല്ല ദൈവത്തെ ഭയപ്പെടാത്തവരുടെ മദ്ധ്യത്തിലത്രേ നടമാടുന്നത്. എന്റെ ഭീതിയെ ഞാൻ നിന്റെ ഇടയിൽ എന്നല്ല നിന്റെ മുമ്പിൽ അയയ്ക്കും എന്നാണ് ദൈവം യിസ്രായേലിനോടു വാഗ്ദത്തം ചെയ്തിരുന്നത്. നമ്മുടേയും വാഗ്ദത്തം അതു തന്നെയാണ്.

മനുഷ്യൻ സാധാരണ ഭയപ്പെടാറുള്ള സംഗതികൾ നിമിത്തം ദൈവമക്കൾ ഭ്രമിക്കാറില്ല. അവർക്ക് മരണത്തെക്കുറിച്ചു ഭയമില്ല. കാരണം, ദൈവജനങ്ങൾക്ക് മരണം ഇന്നു ഹാനികരമല്ല. ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. എങ്കിലും ഏക മനുഷ്യൻ (ക്രിസ്തു) ചെയ്ത നീതിപ്രവർത്തിയാൽ നാം പാപമരണങ്ങളുടെ ബന്ധനത്തിൽ നിന്ന് എന്നേയ്ക്കും സ്വാതന്ത്യം പ്രാപിച്ചിരിക്കുന്നു. മരണവും ശിക്ഷാവിധിയും വാണിരുന്ന സ്ഥാനത്ത് ഇന്ന് ക്രിസ്തു യേശു മുഖാന്തരം ജീവനും അക്ഷയതയും വാഴുന്നു. ഒരിക്കൽ മരണം നമ്മുടെ അവകാശമായിരുന്നു. എന്നാൽ ആ സ്ഥാനത്തു ഇന്നു നിത്യജീവൻ നമ്മുടെ അവകാശമായി തീർന്നിരിക്കുകയാണ്. മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെ പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെയൊക്കെയും വിടുവിച്ചു. (എബ്ര 2:14,15) എന്നുള്ള സ്വാതന്ത്ര്യത്തിന്റെ കാഹളധ്വനി നമ്മെയും സ്വതന്ത്രരാക്കി ഹേ! മരണമേ നിന്റെ ജയമെവിടെ ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ? എന്നു വിളിച്ചു ചോദിക്കുവാൻ ഇന്നു നമുക്കു ധൈര്യമുണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം എന്നു പാടികൊണ്ട് സീയോനിലേക്കു സഞ്ചരിക്കുന്ന ഈ ഭക്തന്മാർക്കു വഴിമദ്ധ്യേ യാതൊരു ഭയത്തിനും അവകാശമില്ല. മരണം അവരെ ഭയപ്പെടുത്തുകയില്ല. അവർക്കു ജീവനെക്കുറിച്ചു ഭയമില്ല. കാരണം, അവർക്കു ജീവിക്കുന്നത് ക്രിസ്തുവാകുന്നു. എന്നു തന്നെയല്ല, അവരുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞുമിരിക്കുന്നു. കൊലോ 3:3

അവർക്കു ജീവിതം ഒരു ഭാരമല്ല. ജീവിതത്തിലെ വിഷമതകൾ അവരെ ഭയപ്പെടുത്തുകയില്ല. കാരണം അവനെ സഹായിക്കുവാൻ കഴിവുള്ള ഒരുവൻ അവരോടുകൂടെയുണ്ട്. അവൻ അവരെ വഴിമദ്ധ്യേ തള്ളിക്കളയില്ല. ഭൂമിയിൽ അവർക്കു ഒരു നിക്ഷേപവുമില്ല എങ്കിലും സ്വർഗ്ഗത്തിൽ തീർന്നുപോകാത്ത ഒരു നിക്ഷേപം അവർക്കുണ്ട്. എന്തു തിന്നും എന്തു കുടിക്കും എന്തു ധരിക്കും എന്നുള്ള വ്യാകുല ചിന്തയും അവരെ ഭീതിപ്പെടുത്തുകയില്ല. കാരണം അവർക്കുവേണ്ടി വിചാരപ്പെടുന്നഒരുവനുണ്ട്. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും അവനുള്ളതാണ് തന്നിമിത്തം അവർ നാളെയെ ഓർത്തും ഭയപ്പെടുന്നില്ല. അതാതു ദിവസം ആവശ്യമുള്ള കൃപ അവൻ നൽകുന്നു.

അവർ ശത്രുവിനെ ഭയപ്പെടുന്നില്ല. കാരണം ശത്രുകൾ കാൺകെ യഹോവ അവർക്കു വിരുന്നൊരുക്കുന്നു.യഹോവ അവർക്ക് അനുകൂലമത്രെ പിന്നെ ആർ പ്രതികൂലമായിരിക്കും(റോമ 8:31).

മനുഷ്യനെ മനുഷ്യനെ ഭയപ്പെടുന്നില്ല. അവർ മനുഷ്യനിൽ ആശ്രയിക്കാതെ യഹോവയിൽ ആശ്രയിക്കുന്നതുകൊണ്ട് മനുഷ്യനെ ഭയപ്പെടാതെ യഹോവയെ ഭയപ്പെട്ട് നാളുകൾ കഴിക്കുന്നു. (സദൃശ29:25)എന്നത്രേ ദൈവാത്മാവു പ്രസ്താവിച്ചിരിക്കുന്നത്. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് മനുഷ്യനെ ഭയപ്പെട്ടിട്ട് ആവശ്യമില്ല.

മാത്രമല്ല ദൈവമക്കൾ മനുഷ്യരെയല്ല ദൈവത്തെ അത്രേ സന്തോഷിപ്പിക്കുന്നത്. അവനെ അത്രേ പ്രസാദിപ്പിക്കുന്നത്. അതുകൊണ്ട് അവർക്ക് മനുഷ്യനെ ഭയപ്പെടേണ്ടതായി വരുന്നില്ല. ഗലാ 1:10

സഹായിപ്പാൻ കഴിയാത്ത മനുഷ്യപുത്രന്മാരിൽ അവർ ആശ്രയിക്കുന്നില്ല. സഹായിപ്പാൻ കഴിയുന്ന ദൈവപുത്രൻ അവർക്കായി തേജസ്സിൽ വസിക്കുന്നു.

ആത്മാവിനെക്കുറിച്ച് അവർക്കു ഭയമില്ല. കാരണം ആത്മാവിന്റെ ഉടമസ്ഥനും ജീവന്റെ ആധാരവുമായ ക്രിസ്തുവിൽ അവർ ആത്മരക്ഷ കണ്ടെത്തിയിരിക്കുന്നു. അവൻ അവരെ പേർചൊല്ലിവിളിച്ചു. അവർ അവന്റെ അടുക്കൽ അഭയത്തിനായി ഓടിചെല്ലുകയും അവരുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തുകയും ചെയ്തു മത്താ.11:29. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറച്ചുമിരിക്കുന്നു (2തിമൊ1:12) എന്ന് അവരിൽ ഒരോരുത്തനും പാടുന്നു. എത്ര ധന്യമായ ഒരു ജീവിതമാണ് അവർ നയിക്കുന്നത്. ഭയത്തിനുലേശം അവകാശമില്ല. അവർ പിശാചിനെ ഭയപ്പെടുന്നില്ല. കാരണം മരണത്തിന്റെ അധികാരിയായ പാശാചിനെ ക്രിസ്തു തന്റെ മരണത്താൽ നീക്കി. മാത്രമല്ല ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരിക്കുന്നവരെ അവൻ വിടുവിക്കുകയും ചെയ്തു.

പിശാചിന്റെ പ്രവർത്തികളെയും അവർ ഭയപ്പെടുന്നില്ല കാരണം പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ ദൈവപുത്രൻ പ്രത്യക്ഷനായി (1യോഹന്നാൻ 3:8)

സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയായ പിശാചിനെ കർത്താവു തന്റെ ശക്തിയുടെ പ്രഭാവത്താൽ നിലം പരിചാക്കുന്ന കാലം സമീപമായിരിക്കുന്നു. കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും നമ്മുടെ സാക്ഷ്യവചനം ഹേതുവായിട്ടും നാം ഇന്ന് പിശാചിനെ ജയിക്കുന്നു.

വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു,തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറത്തുവാൻ ശക്തിയുള്ളവന് നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതവായ ഏക ദൈവത്തിന് തന്നേ സർവകാലത്തിനു മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ, ആമേൻ. ●

# സുവിശേഷപോർക്കളത്തിലേക്ക്

**തിരുവനന്തപുരം:** ചാമവിള ഇമ്മാനുവേൽ ബ്രദറൺ അസംബ്ലിയിൽ നിന്ന് അറിയിക്കുന്നത്.

ഇവാ. ശിംശോൻ ജോസഫ് ചാമവിള എന്ന സ്ഥലത്ത് സുവിശേഷം അറിയിക്കുകയും അതിന്റെ ഫലമായി ബ്രദർ ഹാബേൽ ജെ. വി. 2008 ഫെബ്രുവരി 12ന് കർത്താവിനെ സ്വന്തരക്ഷകനായി സ്വീകരിക്കുകയും തുടർന്ന് അതെ വർഷം മാർച്ച് 29–ന് കർത്താവിനെ ജലത്തിൽ സാക്ഷീകരിക്കുകയും ചെയ്തു. അതിനുശേഷം താൻ മാതാപിതാക്കളുമായി സ്ഥലം സഭയോട് ചേർന്ന് കർത്താവിനെ ആരാധിക്കുന്നു. തുടർന്ന് ദൈവവേലയ്ക്കുള്ള വിളി തനിക്ക് ലഭിച്ചതിനാൽ കഴിഞ്ഞ വർഷം (2011–2012) 63–ാം ബാച്ചിൽ കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ കടന്നുപോയി വിജയകരമായി പഠനം പൂർത്തിയാക്കുകയും ഇപ്പോൾ സഭയോട് ചേർന്ന് വിവിധങ്ങളായ ആത്മീക ശുശ്രൂഷകളിൽ സജീവമായി സഹകരിച്ചു വരുന്നു. തന്റെ വേലയ്ക്കായുള്ള വിളിയും ഓരോ ശുശ്രൂഷയിലെ ആത്മാർത്ഥതയും സഭയ്ക്ക് ബോദ്ധ്യപ്പെട്ടിരിക്കുകയാൽ സഭ ബ്രദർ ഹാബേൽ ജെ. വി.യെ പൂർണ്ണസമയ സുവിശേഷകനായി പ്രാർത്ഥിച്ച് അംഗീകരിച്ചിരിക്കുന്നു. സഹോദരന്റെ വിലാസം : ഹാബേൽ ജെ. വി., ക്രൈസ്റ്റ്നിലയം ചാമവിള പൂവ്വച്ചൽ പി.ഒ., തിരുവനന്തപുരം 695 575, എന്ന് മൂപ്പന്മാർ. നേശമണി, കുറകോണത്ത് കിഴക്കിൻകര, പുത്തൻവീട് പൂവച്ചൽ പി.ഒ. 2. ഷിജു ഇമ്മാനുവേൽ ഭവൻ തടത്തരികത്ത് പുത്തൻവീട്

**റാന്നി:** സുവി. സിബി എൻ. ജെ. പുലിക്കുന്ന് ബെഥേൽ ബ്രദറൺ അസംബ്ലിയിലെ ഒരു അംഗമാകുന്നു. പത്തനംതിട്ട ബൈബിൾ കോളേജിൽ 1994–97 വർഷങ്ങളിൽ ദൈവവചനം പഠിക്കുകയും തുടർന്ന് കോയമ്പത്തൂർ സൗത്ത് ഇൻഡ്യാ ബാപ്റ്റിസ്റ്റ് ബൈബിൾ കോളേജിൽ ഉപരിപഠനം നടത്തുകയും ചെയ്തു. 2001–ൽ സുവിശേഷവേലയ്ക്കായി വേർതിരിയുകയും ബാംഗ്ലൂരിൽ ഉള്ള ബൈബിൾ കോളേജിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. കർത്തൃവേലയ്ക്കായുള്ള തന്റെ വിളി സഭയ്ക്കു ബോദ്ധ്യപ്പെട്ടപ്പോൾ തന്നെ പൂർണ്ണസമയ സുവിശേഷകനായി അംഗീകരിക്കുകയും ദൈവജനത്തിനു പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഇപ്പോൾ പുലിക്കുന്നു സഭയോടു ചേർന്ന് കുളമാക്കൽ എന്ന സ്ഥലത്ത് പുതിയ സഭ എന്ന ലക്ഷ്യത്തോടുകൂടെ പ്രവർത്തിക്കുന്നു. സഹോദരന് ഭാര്യയും (അജിതാ മോൾ പി.കെ) ഒരു മകനും (അഷേർ സാന്റോ ഞാറയ്ക്കൽ) ഉണ്ട് ദൈവജനം ഈ കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കണം എന്ന് താല്പര്യപ്പെടുന്നു. ബേബി ജോസഫ് (സുവി.) - 09048518263, ജോർജ്ജ് സി. ജേക്കബ് (സുവി.)–09745340820, ബ്ര. പി.എം. തോമസ് (മൂപ്പൻ)–08086659530, ബ്ര. റെജി സെബാസ്റ്റ്യൻ – 098467789637

**ആലപ്പുഴ:** ദൈവകൃപയാൽ കഴിഞ്ഞ 23 വർഷം ചെത്തിയിലും ചെട്ടികാടും സുവിശേഷത്തിന് സാക്ഷ്യം വഹിക്കുവാൻ ദൈവം പ്രാപ്തി നൽകി. തുടർന്നുള്ള നാളുകളിൽ ദൈവഹിതമായാൽ തമിഴ്നാട്ടിൽ വെല്ലൂരിന് സമീപമുള്ള Sholingur സഭയുടെ സഹകരണത്തിൽ Ponnai, Athamanchery petty എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ 2 വർഷമായി എളിയവനും സഹോദരൻ പി. വി. ജോൺസൺ (തിരുവാങ്കുളം) ഇവിടെ കടന്നുപോയി Sholingur സഭയോടു ചേർന്ന് സുവിശേഷത്തിന് സാക്ഷ്യം വഹിച്ചുവരികയായിരുന്നു. എന്നാൽ കൂടിവരവ് ആരംഭിക്കത്തക്ക വണ്ണം പ്രവർത്തനം പുരോഗമിക്കണമെങ്കിൽ ഇവിടെ താമസിച്ചു പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. ആകയാൽ ദൈവകൃപയിൽ ആശ്രയിച്ച് എളിയവൻ ഈ സ്ഥലത്തേക്ക് കടന്നു പോകുകയാണ്. കഴിഞ്ഞ നാളുകളിൽ ലഭിച്ച എല്ലാ സഹകരണങ്ങളും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. തുടർന്നും എളിയവനേയും കുടുംബത്തേയും പ്രാർത്ഥനയിൽ ഓർത്താലും

ക്രിസ്തുവിൽ കൂട്ടുസഹോദരൻ ജോർജ്ജ് മാത്യു ചെത്തി, ഗോസ്പൽ ഹോം, ചെട്ടികാട്, പാതിരാപ്പള്ളി പി.ഒ., ആലപ്പുഴ – 688521, ഫോൺ : 09656423391, 09944037355

തിരുവട്ടാർ കൃഷ്ണൻകുട്ടി

ഈ ഒരു തക്കം നോക്കിയാണ് മുഹമ്മദ് ഈസായും സംഘവും സംവാദത്തിൽ പരാജയപ്പെടുത്തി, കൃഷ്ണൻകുട്ടി തന്റെ പുസ്തകം തള്ളിപ്പറഞ്ഞു എന്നു വരുത്തി തീർക്കുന്നതിനു പദ്ധതി തയ്യാറാക്കി തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ വീട്ടിലെത്തിയത്. അവർ പ്രതീക്ഷിക്കുന്ന മറുപടി കൃഷ്ണൻകുട്ടിയിൽ നിന്നും ലഭിക്കണം എന്ന ദുരുദ്ദേശത്തോടെ വളരെ തന്ത്രപൂർവ്വം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ശാരീരികമായി അസ്വസ്ഥതയും വേദനയും സഹിച്ച് മണിക്കൂറുകളോളം സന്ദർശകരുടെ മുമ്പിൽ അദ്ദേഹം ഇരുന്നു കൊടുത്തു. കൃഷ്ണൻകുട്ടിയും അദ്ദേഹത്തിന്റെ ഭാര്യയും മകൻ ക്രിസും സന്ദർശകരെ സ്വീകരിച്ചതും ആദരിച്ചതും സൽക്കരിച്ചതും ക്രൈസ്തവ ദർശനത്തിന്റേയും സ്നേഹത്തിന്റേയും പ്രചോദനത്താലായിരുന്നു. ഹൃദ്യമായ പെരുമാറ്റത്തിലൂടെ വെളിപ്പെട്ട ക്രൈസ്തവീകതയുടെ സവിശേഷത തിരിച്ചറിഞ്ഞ് ആദരിക്കേണ്ടതിനു പകരം സന്ദർശകർ അതിനെ ചൂഷണം ചെയ്യുകയാണുണ്ടായത്. ഗൗരവമേറിയ ഒരു സംവാദത്തിനുള്ള മാനസീകാവസ്ഥ ഇല്ലാത്ത സാഹചര്യത്തിൽ, ഓർമ്മ ശക്തി തന്നെ കുറഞ്ഞപ്പോൾ, ശരീരം ദുർബ്ബലമായിരിക്കുമ്പോൾ സംവാദം വേണ്ടെന്നു വെച്ച് വിവേകത്തോടെ തിരിച്ചു പോവുകയായിരുന്നു വേണ്ടത്.

പ്രബുദ്ധരായ മുസ്ലീം സുഹൃത്തുക്കൾക്ക് പോലും നാണക്കേടുണ്ടാക്കുന്ന വിധത്തിൽ ഇത് ഒരു തരം അക്രമത്തിന്റേയും മാനസീക പീഡനത്തിന്റേയും സമീപനമായിപ്പോയി. സാമാന്യ മര്യാദ പോലും പാലിക്കാത്ത അഭിമുഖ സംഭാഷണത്തിന്റെ ശാസ്ത്രരീതി പോലും അവഗണിച്ചുകൊണ്ടുള്ള ഒരു തരം വില കുറഞ്ഞ ഇടപെടൽ. ഒരു യഥാർത്ഥ മുസ്ലീം ഇത്തരം ഒരു സമീപനം സ്വീകരിക്കും എന്ന് ഞാൻ കരുതുന്നില്ല. മുഹമ്മദ് ഈസായുടെ ലേഖനങ്ങളിൽ നിന്നും എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത് അവർ നിരന്തരമായി കൃഷ്ണൻകുട്ടിയുടെ ഭവനം സന്ദർശിച്ച് അദ്ദേഹത്തെ വേട്ടയാടിക്കൊണ്ടിരുന്നു എന്നാണ്. അവസാനം "നാലര മണിക്കൂർ ചർച്ചയ്ക്ക് ശേഷം തിരികെ പോയവർ" ഏതാനും ദിവസങ്ങൾക്കു ശേഷം വീണ്ടും കൃഷ്ണൻകുട്ടിയുടെ വീട്ടിൽ എത്തി. ഇതുവരെ നടന്ന ചർച്ചകൾ കൊണ്ട് മുഹമ്മദ് ഈസാ പ്രതീക്ഷിച്ച വിജയം ഉണ്ടായില്ല എന്ന നിരാശ കൊണ്ടായിരിക്കാം അവർ വീണ്ടും വന്നത്. പക്ഷേ, മുഹമ്മദ് ഈസായുടെയും സംഘത്തിന്റെയും മനസ്സിലിരിപ്പ് തിരിച്ചറിഞ്ഞ കുടുംബാംഗങ്ങങ്ങൾ വീണ്ടുമൊരു അഭിമുഖ സംഭാഷണത്തിന് അനുവാദം നൽകിയില്ല. "ഞങ്ങളെ മുസ്ലീമാക്കുക എന്നതാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ നിങ്ങൾക്ക് തെറ്റുപറ്റി. അതൊരിക്കലും സാദ്ധ്യമല്ല. ഞങ്ങൾ അടിയുറച്ച ബൈബിൾ വിശ്വാസികളാണ്" തിരുവട്ടാറിന്റെ സഹധർമ്മിണി എൽസി വ്യക്തമാക്കി. "തിരുവട്ടാർ കൃഷ്ണൻകുട്ടിയെ പരാജയപ്പെടുത്തി എന്നു പ്രചരിപ്പിക്കുവാനാണ് നിങ്ങളുടെ ശ്രമം എങ്കിൽ അതൊരിക്കലും വിജയിക്കുകയില്ല" എന്ന് ക്രിസ് പ്രതികരിച്ചു.

ഒരു ദൗത്യം പരാജയപ്പെട്ടതിന്റെ നിരാശയോടെ മുഹമ്മദ് ഈസായും സംഘവും വന്നതുപോലെ മടങ്ങിപ്പോയി. ഈ പരാജയത്തിന് ഒരു വ്യാജമര തീർക്കുവാൻ വേണ്ടിയാണ് മുഹമ്മദ് ഈസാ പിന്നീട് ഇങ്ങനെ ഒരു ലേഖനം സ്നേഹസംവാദത്തിനുവേണ്ടി തയ്യാറാക്കിയത്. സ്നേഹസംവാദത്തിലെ ലേഖനം വായിച്ചതിനുശേഷം ഞാൻ കൃഷ്ണൻകുട്ടിയെ സന്ദർശിച്ചപ്പോൾ എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത് സ്നേസംവാദത്തിൽ മുഹമ്മദ് ഈസാ എഴുതിയത് സത്യം അല്ല. തിരുവട്ടാർ കൃഷ്ണൻകുട്ടി ബൈബിൾ തള്ളിപ്പറഞ്ഞിട്ടില്ല. തള്ളിപ്പറയുകയും ഇല്ല. അദ്ദേഹവും കുടുംബവും ബൈബിളിനൊപ്പം തന്നെയാണ് നിൽക്കുന്നത്. ബൈബിളിന്റെ വഴിയിലൂടെ ക്രിസ്തുവിന്റെ സാക്ഷിയായി ജയഭേരി മുഴക്കി അദ്ദേഹം മുന്നേറുന്നു. എനിക്ക് ആദരണീയനായ തിരുവട്ടാർ കൃഷ്ണൻകുട്ടിയുമായി നാലു പതിറ്റാണ്ടോളം ദീർഘിപ്പിക്കുന്ന ആത്മീയ സൗഹൃദബന്ധമുണ്ട്. കേരളത്തിൽ ഉടനീളം നിരവധി വേദികളിൽ ഞങ്ങൾ ഒന്നിച്ച് വചനം പ്രഘോഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെല്ലാം എന്റെ ഗ്രന്ഥശേഖരത്തിലുണ്ട്. പലതിനും പഠനമോ അവലോകനമോ എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ധർമ്മദീപ്തി മാസികയിൽ എന്റെ നിരവധി ലേഖനങ്ങളും പഠനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. എനിക്ക് തിരുവട്ടാർ കൃഷ്ണൻകുട്ടി എന്ന മഹാനെ വളരെ അടുത്തറിയാം. തന്റെ 25–ാമത്തെ വയസ്സിൽ സ്വന്തസ്ഥലമായ തിരുവട്ടാറിൽ ചെയ്ത ആദ്യത്തെ സുവിശേഷപ്രസംഗം, പ്രഭാഷണവേദിയിൽ ഇന്ന് 51 വർഷം പിന്നിടുമ്പോൾ തന്റെ പ്രസംഗത്തിലെ പ്രമേയത്തിൽ ഒരക്ഷരം പോലും മാറ്റേണ്ടി വന്നിട്ടില്ല. അദ്ദഹം ഇന്നും തികഞ്ഞ പ്രാഗത്ഭ്യത്തോടും അഭിമാനത്തോടും കൂടെ ബൈബിൾ സത്യങ്ങൾക്കും വേണ്ടി നിലകൊള്ളുന്നു. "സ്നേഹസംവാദം" ഇത്ര മാത്രം ക്രൂരമായി ഇടപെട്ടിട്ടും തിരുവട്ടാർ കൃഷ്ണൻകുട്ടി തന്റെ 35 ഗ്രന്ഥങ്ങളിൽ മാസ്റ്റർ പീസ് ഗ്രന്ഥം എന്ന് അനുവാചകർ വിശേഷിപ്പിച്ച "ക്രൈസ്തവ-ഇസ്ലാം സംവാദം" എന്ന ഗ്രന്ഥത്തെ തള്ളിപ്പറയുകയോ പിൻവലിക്കുയോ ചെയ്തിട്ടില്ല. തിരുവട്ടാർ കൃഷ്ണൻകട്ടി ബൈബിൾ തള്ളിപ്പറയുന്നു എന്ന് മുഹമ്മദ് ഈസാ എഴുതിയപ്പോൾ തന്റെ പേരിലെ മുഹമ്മദിനേയും ഈസായേയും അപമാനിക്കുകയാണ് ചെയ്തത്. ആശയത്തെ എതിർത്ത് തോല്പിക്കാനാവില്ലെന്നു വരുമ്പോൾ ഗ്രന്ഥകാരന്റെ വിശ്വാസത്തിനെതിരെ വ്യാജ പ്രചാരണം നടത്തുന്നത് സ്വഭാവഹത്യയ്ക്കു തുല്യമാണ്. ഈ സമീപനം ഖുർആൻ ന്റെ വീക്ഷണത്തിൽ ഹറാ മാണ്. ●

തന്റെ 25-ാമത്തെ വയസ്സിൽ സ്വന്തസ്ഥലമായ തിരുവട്ടാറിൽ ചെയ്ത ആദ്യത്തെ സുവിശേഷപ്രസംഗം, പ്രഭാഷണവേദിയിൽ ഇന്ന് 51 വർഷം പിന്നിടുമ്പോൾ തന്റെ പ്രസംഗത്തിലെ പ്രമേയത്തിൽ ഒരക്ഷരം പോലും മാറ്റേണ്ടി വന്നിട്ടില്ല. അദ്ദഹം ഇന്നും തികഞ്ഞ പ്രാഗത്ഭ്യത്തോടും അഭിമാനത്തോടും കൂടെ ബൈബിൾ സത്യങ്ങൾക്കുംവേണ്ടി നിലകൊള്ളുന്നു.

# മഹത്വത്തിൽ



**മഴുക്കീർ:** ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സുവിശേഷികൻ പുത്തൻ പീടികയിൽ സി. ഐസക്ക് (84) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ബ്രദറൺ പ്രസ്ഥാനത്തിന്റെ പ്രാരംഭകാല സുവിശേഷക്മാരിൽ ഒരാളായ വെട്ടിയാറ്റ് ചാക്കോച്ചന്റെ മകനാണ് പരേതൻ. ഭാര്യ ജോയ്മ്മ കീക്കൊഴൂർ കുളങ്ങര കുടുംബാംഗമാണ്. മക്കൾ:ഗോഡ്‌ലി മഴുക്കീർ, അലക്സാണ്ടർ (റെജി) കുവൈറ്റ്; ഷൈനി (റീനി), റോയി, ചാർലി(പൊന്നച്ചൻ) മൂവരും യു.എ.ഇ. മരുമക്കൾ പരേതനായ തമ്പാൻ, മീന, മേഴ്സി, ജീന, സഹോദരങ്ങൾ; പരേതരായ സി. സാമുവേൽ. സി ജോൺ. സംസ്ക്കാര ശുശ്രൂക്ഷ മഴുക്കീർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ ആഭിമുഖ്യത്തിൽ 10-09-12ന് സഭാസെമിത്തേരിയിൽ നടത്തി.




**കൊട്ടാരക്കര :** ഈയകുന്ന് ജോൺസൺ ഭവനിൽ പൊടിയച്ചന്റെ ഭാര്യ തൃക്കണ്ണമംഗൽ പിള്ളവീട്ടിൽ കുടംബാംഗം തങ്കമ്മമാത്യു(60) നിത്യതയിൽ പ്രവേശിച്ചു. തൃക്കണ്ണമംഗൽ ബ്രദറൺ പ്രയർ ഹാൾ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ: മിനി, ആനി, ജോൺ മാത്യു. മരുമക്കൾ: രാജു വർഗ്ഗീസ്, ബിജു വർഗ്ഗീസ്, മിഖൾ



**കുമ്പഴ:** അയിരുക്കുഴിയിൽ പരേതനായ പി.എ. തോമസിന്റെ ഭാര്യ തങ്കമ്മ തോമസ് നിത്യതയിൽ പ്രവേശിച്ചു. 13.9.12 കുമ്പഴ പ്ലാവേലിൽ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. മൈലപ്ര ഇളംപ്ലാക്കൽ കുടുംബാംഗമാണ് പരേത. മക്കൾ: റോസമ്മ, ലിസ്സി, പി.ടി. ഏബ്രഹാം, ജോർജ്ജ് തോമസ്, മോളി, ബേബി, ജയ്സൺ. മരുമക്കൾ: ഫിലിപ്പ്, ഷീല, ചാക്കോ, പി.തോമസ്, ജെസ്സി, ഷീല, ജിൻസി, പരേതനായ ഏബ്രഹാം.




**ഉളക്കാട്ടൂർ:** പാറമേലായ പുതുപ്പള്ളി മഠത്തിൽ എം. എം. മാത്യുവിന്റെ ഭാര്യ മറിയാമ്മ (60) കർത്തൃസന്നിധിയിൽ പ്രവേശിച്ചു. ഉളക്കൂർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്ക്കരിച്ചു. ഗൂഡല്ലൂർ മുറ്റപ്പാടത്ത് കുടുംബാംഗമാണ്. മക്കൾ: ആശിഷ്, അഭിലാഷ്.



**പുനലൂർ:** പുനലൂർ ചെമ്മന്തൂർ ബെഥേസ്ദാ പരേതനായ ഡോ. ജോർജ്ജ് മാത്യൂസിന്റെ ഭാര്യ അന്നമ്മ ജോർജ്ജ് (89) സെപ്റ്റംബർ 6 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മക്കൾ: കുഞ്ഞുമോൾ, സണ്ണി, ബിജോയ്, രാജമ്മ, ജെബോയ്, ജെസ്സി. സാലി, ജെയ്ച്ചൻ, മരുമക്കൾ: സൂസൻ, റീന, ഷൈല, ജെസ്സി, തിമോത്തി, സണ്ണി, ബ്രാഡ്‌ലി, ബില്ലി പി. ജേക്കബ് (സുവിശേഷകൻ സിലിഗുരി)



**തിരുവനന്തപുരം:** കണ്ണമ്മൂല -പാലൂർ കോട്ടേജിൽ പരേതനായ ഡോ. പി.ജോൺ മാത്യു വിന്റെ ഭാര്യ സംസ്ഥാന വിദ്യാഭ്യാസഇൻസ്റ്റിറ്റ്യൂട്ട് റിട്ട. റിസർച്ച് ഓഫീസർ ഡോ. കെ. അന്നമ്മ വർഗീസ് (83) ഓസ്ട്രേലിയയിൽ വച്ച് നിത്യതയിൽ പ്രവേശിച്ചു. സെപ്റ്റംബർ 11ന് കുന്നുകുഴി ബ്രദറൺ സഭയുടെ ചുമതലയിൽ സംസ്ക്കാരശുശ്രൂഷകൾ നടന്നു.



**ഇടയാറന്മുള:** എരുമക്കാട് വാഴവിളയിൽ വി. പി.തോമസ് (പാപ്പി 102) നിത്യതയിൽ പ്രവേശിച്ചു. ഡിസംബർ 7, 12.30ന് ബ്രദറൻ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ നാരകത്താനി, ചരിവുപ്ലാക്കൽ എബനേസറിൽ പരേതയായ അന്നമ്മ. മക്കൾ: പി. ടി ഫിലിപ്പോസ്, റേച്ചൽ റോബർട്ട്, ശമുവൽ തോമസ്, ആലിസ്. മരുമക്കൾ: കുഞ്ഞുമോൾ, ആന്റണി, കുഞ്ഞമ്മ, പരേതനായ ഏബ്രഹാം,



**റാന്നി:** കണ്ടംപേരൂർ പുതുപ്പറമ്പിൽ പുത്തൂർ കുഞ്ഞുമോന്റെ ഭാര്യ തങ്കമ്മ മാത്യൂസ് (67) കർത്തൃസന്നി പ്രവേശിച്ചു. പരേത ചണ്ണപ്പേട്ട പൊയ്കയിൽ കുടുംബാംഗമാണ്. മക്കൾ: ബിൻസി, റിൻസി, ജിൻസി, ലിൻസി. 17/09 ന് കണ്ടപേരൂർ സഭാ സെമിത്തേരിയിൽ സംസ്ക്കാരം നടത്തി



**ചെന്നൈ:** ആവടിസഭാംഗം മഴുക്കീർ തുണ്ടിയിൽ റ്റി. എ. ജോസ് 9.9.12 -ൽ മഹത്വത്തിൽ പ്രവേശിച്ചു. സംസ്ക്കാരം ചെന്നൈ ആവടി സെമിത്തേരിയിൽ 12.9.2012 ൽ നടത്തി. സുവിഷേകന്മാരായ റ്റി.എ. ഏബ്രഹാം, എം.വി.ബാബു മഴുക്കീർ, ഷാജഹാൻ വി. ഹസൻ, വർഗ്ഗീസ് ആവടി തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിച്ചു. ഭാര്യ: അമ്മിണി കവുങ്ങുംപ്രയർ എലിമുള്ളിൽ കുടുംബാംഗമാണ്. മക്കൾ: ജെനി, റെനി, ലെനി. മരുമക്കൾ: റോയിട്ടർ കൊച്ചി, ജോണി ചെന്നൈ. സുവി. റ്റി.എ. ഏബ്രഹാം (മഴുക്കീർ) റ്റി. എ. ജോസഫ് (ചെന്നൈ) സഹോദരങ്ങളാണ്.



**കല്ലിശ്ശേരി :** അമ്പലത്തറയിൽ കെ.വി. തോമസ് നിത്യതയിൽ ചേർക്കപ്പെട്ടു. ഒറീസയിൽ ഗവ. ഫാർമസിസ്റ്റായി സേവനം അനുഷ്ഠിച്ച ശേഷം വിശ്രമജീവിതത്തിലായിരുന്നു. പരേതൻ ഉമയാറ്റുകരതേക്കാട്ടിൽ കുടുംബാംഗമാണ്. ഭാര്യ കൊട്ടാരക്കര പാലൂർ പുത്തൻവീട്ടിൽ തങ്കമ്മ തോമസ് (റിട്ട. നേഴ്സ്, മിലിട്ടറി സർവീസ്) മകൾ മറിയാമ്മ തോമസ് വർഗ്ഗീസ് (ലൗലി) മലേഷ്യ സർവ്വകലാശാല റിസേർച്ച് അസിസ്റ്റന്റ്റ്). ആഗസ്റ്റ് 29ന് കല്ലിശ്ശേരി ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

# ടി. എം. എം വികസനത്തിന്റെ വഴിയിൽ

വാഴൂരും മന്ദമരുതിയിലുള്ള തിരുവല്ല മെഡിക്കൽ മിഷൻ (ടി. എം.എം) ഹോസ്പിറ്റൽ ശാഖകളിൽ നവീകരണ ശ്രമങ്ങൾ പുരോഗമിക്കുന്നു.

വാഴൂർ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രോജക്ട് ഒയാസിസ് വാർദ്ധക്യത്തിന്റെ വൈഷമ്യങ്ങളിലൂടെ കടന്നു പോകുന്നവർക്ക് ആശ്വാസത്തിന്റെ ഒരു തുരുത്താണ്. ഇപ്പോൾ പ്രായാധിക്യത്തിലുള്ള 12 പേർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കപ്പെട്ടിരിക്കുന്നത്. അവർക്കാവശ്യമായ ശാരീരിക പരിചരണത്തോടൊപ്പം, മാനസികോല്ലാസവും/ആത്മീക പിൻതുണയും നൽകി വരുന്നു. പ്രാദേശിക ബ്രദറൺ സഭയിൽ നിന്നുള്ള വിശ്വാസികൾ ഇടയ്ക്കിടെ ഇവരെ സന്ദർശിക്കുകയും ഒരുമിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നത് വലിയ ആശ്വാസത്തിനു കാരണമാകുന്നുണ്ട്. തിരുവല്ലായിൽ നിന്നും ഓർത്തോപീഡിക് & കാർഡിയോളജി ഡോക്ടർമാർ വാഴൂരിൽ വരുന്നതിനാൽ ഏകദേശം 50 ചതുരശ്രമൈൽ ചുറ്റളവിലുള്ളവർക്ക് ഈ സേവനം ലഭ്യമാകുന്നു. മന്ദമരുതിയിലാരംഭിച്ച മൂന്നുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 3600 ചതുരശ്ര അടി വലിപ്പമുള്ള ഈ പുതിയ കെട്ടിടത്തിൽ കാഷ്വാൽറ്റി, ഐ. സി.യു, ഫാർമസി, ഓപ്പറേഷൻ തിയറ്റേർ എന്നിവയും 20 കിടക്കകളുള്ള മുറികളും ഉണ്ടായിരിക്കും.

ഇരുസ്ഥാപനങ്ങളെയും കൂടുതൽ ജനോപകാരപ്രദമാക്കുവാനും തദ്വാരാ ആത്മീയപ്രവർത്തനങ്ങളുടെ ഓരോ കേന്ദ്രങ്ങളാക്കുവാനും ഇടയാകേണ്ടതിന് ദൈവജനം പ്രത്യേകമായി പ്രാർത്ഥിക്കുമല്ലോ.

**തോമസ് ജോൺ സെക്രട്ടറി, ദി ദിവാൻ ബഹാദൂർ ഡോ. വി. വർഗീസ് ഹോസ്പിറ്റൽ ട്രസ്റ്റ് അസ്സോസിയേഷൻ.**

# niyogam
BRETHREN VARTHA PATHRIKA

2012 സെപ്റ്റംബർ, ഒക്ടോബർ 5


## സുവിശേഷീകരണം

**മുരിക്കാശ്ശേരി :** ആഗസ്റ്റ് 27 28 29 തീയതി കളിൽ മുരിക്കാശ്ശേരി സഭയുടെ ചുമതലയിൽ മൂന്നു ദിവസങ്ങളിലെ സുവിശേഷികരണം നടത്തി. സുവിശേഷകന്മാരായ പി. വി ബഞ്ചമിൻ, എസ്. സജ്ജീവി, പി. സി. വർഗ്ഗീസ് , ഒ. ജെ ബാബു, റ്റി. സി. റോയി എന്നിവർ വിവിധ ശുശ്രൂഷകൾ നിർവഹിച്ചു. ഭവന സന്ദർശനം പരസ്യയോഗങ്ങൾ ബൈബിൾ ക്ലാസ്സുകൾ എന്നിവയുണ്ടായിരുന്നു. അനേകർ വചനം കേട്ടു ചിലർ വചനത്തോടു കൂടുതൽ താല്പര്യം പ്രകടിപ്പിച്ചു. അനുധാവന പ്രവർത്തനം നടക്കുന്നു. സുവി പി. ഡി. വർഗീസ്.

## ഇലന്തൂർ ബ്രദറൺ കൺവൻഷൻ 2012

ദൈവഹിതമായാൽ ഇലന്തൂർ പരിയാരം ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ നടത്തിവരാറുള്ള കൺവൻഷൻ 2012 ഡിസംബർ 6,7,8,9 (വ്യാഴം, വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ എല്ലാ ദിവസങ്ങളിലും വൈകിട്ട് 6 മുതൽ 8.30 വരെ നെടുവേലി ജംഗ്ഷന് സമീപമുള്ള ഇലന്തൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതാണ്. പ്രസംഗകർ ബ്രദർ ചാണ്ടപിള്ള ഫിലിപ്പ് (കോട്ടയം), ബ്രദർ ജോർജ്ജ് മാത്യു (ഒറാൻ, മഹാരാഷ്ട്ര). ഉണ്ണി തോബിയാസ് നയിക്കുന്ന ടീമിന്റെ ഗാനശുശ്രൂക്ഷ ഉണ്ടായിരിക്കുന്നതാണ്. ദൈവജനത്തിന്റെ പ്രാർത്ഥനക്ഷണിക്കുന്നു.

എന്ന് സഭയ്ക്കുവേണ്ടി കെ. ഏ. ജോർജ്ജ് റ്റി. ജെ തോമസ്

## കോട്ടയം കൺവൻഷൻ – 2012

കോട്ടയം 83–ാ മതു കോട്ടയം ബ്രദറൺ കൺവൻഷൻ 2012 ഡിസംബർ 3 മുതൽ 9 ഞായറാഴ്ച വരെ കോട്ടയം തിരുനക്കര മൈതാനത്തുവച്ചു നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. എം. എം. സഖറിയ, പി. ജി ജെയിംസ്(തണ്ണിത്തോട്), അജോയ് ടി. മാത്യു (മുംബൈ), ജോൺ കുര്യൻ, ചാണ്ടപിള്ള ഫിലിപ്പ്, വർഗ്ഗീസ് കെ. കുര്യൻ, സജീവ് വർഗ്ഗീസ് എന്നീ ദൈവദാസന്മാരായിരിക്കും ഈ വർഷത്തെ പ്രസംഗകർ.

രാവിലെ 8.00 നു പ്രഭാത ധ്യാനം, വൈകിട്ട് 4.30 മുതൽ ബൈബിൾ പ്രഭാഷണം, 5.45 മുതൽ ഗാനശുശ്രൂഷ(കൺവൻഷൻ ഗായകസംഘം), 7.00 മുതൽ സുവിശേഷ സന്ദേശം. കൂടാതെ പരസ്യയോഗം, സുവിശേഷകന്മാരുടെ സമ്മേളനം, ബാലസംഗമം, യുവജന സമ്മേളനം എന്നീ പരിപാടികളും ഉണ്ടായിരിക്കും. കൺവൻഷന്റെ അനുഗ്രഹത്തിനുവേണ്ടി ദൈവജനം ശ്രദ്ധയോടെ പ്രാർത്ഥിക്കണമേ. കൺവീനർ

മാത്യു ഏബ്രഹാം(ഫോൺ 94468 63338)

## നദാർഖനി – ക്രിസ്തീയ സാക്ഷ്യത്തിന്റെ ധീരപടയാളി



ജയിൽ മോചിതനായ നദാർഖനിക്ക് വികാരവായ്പ്പോടെയുള്ള സ്വീകരണം

**ഇറാൻ:** കൊലമരത്തെ പുഞ്ചിരിയോടെ വെല്ലുവിളിച്ചു കൊണ്ടു ലോകത്തെ വിസ്മയിപ്പിച്ച ആധുനികലോകത്തെ ധീരക്രിസ്ത്യാനി ഇറാനിയൻ പാസ്റ്റർ യൂസഫ് നദാർഖനിക്ക് ക്രിസ്തു സാക്ഷ്യത്തിന്റെ വിജയം.

മതവിശ്വാസത്യാഗത്തിനു മരണശിക്ഷ വിധിക്കപ്പെട്ട പാസ്റ്റർ യൂസഫ് നദാർഖനി മൂന്നുവർഷത്തെ ജയിൽ വാസത്തിനു ശേഷം കുറ്റവിമുക്തനാക്കപ്പെട്ടു. ജയിൽ മോചിതനായ തന്നെ തന്റെ ഭാര്യയും കുടുംബാംഗങ്ങളും ചേർന്നു സ്വീകരിച്ചു.

ഇറാനിൽ ജനിച്ചു വളർത്തപ്പെട്ട യൂസഫിന് ഇസ്ലാമിക അനുഷ്ഠാനങ്ങൾ പിന്തുടരുന്നതിൽ താല്പര്യമില്ലായിരുന്നു. സ്കൂളുകളിലെ നിർബ്ബന്ധിത മതപഠനത്തിനെ ചോദ്യം ചെയ്തതാണ് യൂസിഫിന്റെ അറസ്റ്റിനുകാരണമായത്.

തുടർന്നു താൻ ജയിലിലടക്കപ്പെടുകയും വധശിക്ഷയ്ക്കു വിധിയ്ക്കപ്പെടുകയും ചെയ്തു. ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളുടെ പ്രാർത്ഥനയുടെ ഫലമായി ഈ വിടുതലിനെ വിശേഷിപ്പിക്കാം.

## ത്രിദിന സുവിശേഷിക്യാമ്പ് – മുണ്ടക്കയം

സെപ്റ്റംബർ 3–5 വരെ മുണ്ടക്കയം ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിലും പീരുമേടു താലൂക്ക് സുവിശേഷികരണത്തിന്റെ സഹകരണത്തിലും മുണ്ടക്കയം, വണ്ടൻപതാൽ പഞ്ചായത്ത് എന്നി സ്ഥലങ്ങളിൽ ഭവന സന്ദർശനവും പരസ്യയോഗങ്ങളും അനുഗ്രഹമായി നടത്തി. ഉച്ചകഴിഞ്ഞ് Bro: M.V. Babu, Sabu വെട്ടിയാർ, എന്നിവർ എടുത്ത ബൈബിൾ ക്ലാസ്സുകൾ കൂടിവന്ന സുവിശേഷകന്മാർക്കും സ്ഥലം സഭാവിശ്വാസികൾക്കും ഏറെ പ്രയോജനമായിരുന്നു. സമീപസ്ഥലങ്ങളിൽ നിന്നും 14 സുവിശേഷകന്മാരും ചില സഭാവിശ്വാസികളും പങ്കെടുത്തു. ചിലർ രക്ഷിക്കപ്പെടുവാനും പുതിയ ചില അന്വേഷകരെ കണ്ടെത്തുവാനും സാധിച്ചു. T. V. Mathew, K. M. Baby എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വിതയ്ക്കപ്പെട്ട വചനം ഫലമണിയുവാൻ ദൈവമക്കൾ പ്രാർത്ഥിക്കേണമേ എന്നു പ്രവർത്തനങ്ങൾക്കുവേണ്ടി: കെ.എം.ബേബി 9495026263, റ്റി.വി. മാത്യു 9495543712






## 110 –ാമത് ബ്രദറൺ ജനറൽ കൺവൻഷൻ, കുമ്പനാട്

23–12–2012 ഞായർ മുതൽ 30.12.2012 ഞായർ വരെ, കുമ്പനാട് ബ്രദറൺ ജനറൽ കൺവൻഷൻ ഗ്രൗണ്ടിൽ നടക്കുന്നു. കർത്തൃദാസന്മാരായ ഡോ. ഒ.എം സാമുവേൽ, എം.എം സഖറിയ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗ്ഗീസ് കെ. കുര്യൻ, ജോസ് മാത്യു, ജോൺ കുര്യൻ ജോർജ് മാത്യു തുടങ്ങിയവർ വചനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. ഈ വർഷത്തെ കൺവൻഷനിൽ താഴെപ്പറയുന്ന തീയതികളിൽ പ്രത്യേക പരിപാടികൾ ക്രമീകരിച്ചിരിക്കുന്നു. 24.12.2012 തിങ്കൾ 10.00–1.30 : ബാലസംഘം സൗത്ത് ഡിവിഷൻ പ്രത്യേകാൽ സമ്മേളനം, 25.12.2012 ചൊവ്വ 10.30 – 1.30:സുവിശേഷകന്മാരുടെ സമ്മേളനം, (കേരളത്തിൽ നിന്ന് ആന്ധ്രാ, ഒറീസ്സ സംസ്ഥാനങ്ങളിൽ താമസിച്ചു പ്രവർത്തിക്കുന്നവർ കൂടാതെ സാധാരണ ഈ മീറ്റിംഗിൽ സംബന്ധിക്കുന്ന എല്ലാ സുവിശേഷകന്മാർക്കുമായി ക്രമീകരിച്ചിരിക്കുന്നു.), 26.12.2012 ബുധൻ 10.30 –1.30 : സോദരീസമാജം പ്രത്യേകാൽ സമ്മേളനം, 27.12.2012 വ്യാഴം 10.30 –1.30 : മിഷ്നറി മീറ്റിംഗും പൊതുസമ്മേളനവും 28.12.2012 വെള്ളി 10.30– 1.30 : പൊതുസമ്മേളനം, 29.12.2012 ശനി 10.30 – 1.30 കുടുംബസംഗമം, പ്രസിദ്ധ ഗായകരുടെ ഗാനശുശ്രൂഷ ഉണ്ടായിരിക്കും, കർത്തൃനാമത്തിൽ ഏവരുടെയും പ്രാർത്ഥനയും സാന്നിദ്ധ്യവും സഹകരണവും ക്ഷണിച്ചുകൊള്ളുന്നു.

കൺവൻകമ്മറ്റിയ്ക്കുവേണ്ടി,

*കൺവീനർ*

**പി. ഇ. സാംകുട്ടി**

## സഭാഹാൾ ഉദ്ഘാടനം ചെയ്തു



**ആലപ്പുഴ :** ചെത്തി ബ്രദറൺ സഭയിൽ കൂടിവരുന്ന ദൈവജനത്തിന്റെയും കർത്തൃദാസന്മാരുടെയും പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി മനോഹരമായ ഒരു സഭാഹാൾ പണിതീർക്കുന്നതിനും ദൈവജനത്തിനായി കർത്തൃസന്നിധിയിൽ സമർപ്പിക്കുന്നതിനും ഇടയായി.

1.9.2012 രാവിലെ പത്തുമണിയോടെ ആരംഭിച്ച സമർപ്പണ ശുശ്രൂഷയിൽ സഹോ. സി.എ. ജോർജ്ജ് കുമ്പനാട് പ്രാർത്ഥിച്ച് സഭാഹാൾ ദൈവജനത്തിനായി തുറന്നു കൊടുത്തു. സഹോ. സി. റ്റി. ജോണിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ സുവി. എം. വി. ബാബു കല്ലിശ്ശേരി ഉദ്ഘാടന സന്ദേശം നൽകി. സഹോദരൻ ജോർജ്ജ് മാത്യു കുടുംബമായി ഇവിടെ താമസിച്ച് ദീർഘനാൾ അത്യുൽസാഹത്തോടെ പ്രവർത്തിച്ചതിന്റെ ഫലമാണ് ഇവിടുത്തെ സഭയും സഭാമന്ദിരവും എന്നതും സ്മരണീയമാണ്.


Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com